
# മുഖമൊഴി

ഒരു പ്രദേശത്തിന്റെ ചരിത്രം, സംസ്കാരം, ആചാരം ജീവിതരീതികൾ എന്നിവ സമാഹരിച്ചു കൊ് തയ്യാറാക്കിയ റഫറൻസ് ഗ്രന്ഥം നിങ്ങളുടെ കയ്യിൽ എത്തുകയാണ്. മൺമറഞ്ഞു പോയ വാക്കുകൾ, ഉപകരണങ്ങളുടെ പ്രയോഗങ്ങൾ, നാട്ടുവൈദ്യങ്ങൾ തുടങ്ങി നന്മകളാൽ സമൃദ്ധമായ ഒരു നാടിന്റെ മുഴുവൻ മേഖലകളെയും സ്പർശിച്ചു കൊള്ള ചരിത്രം പൂർണ്ണമാണെന്ന് അവകാശപ്പെടുന്നില്ല. സമഗ്രശിക്ഷ കണ്ണൂർ സർഗ്ഗ സ്കൂളിന്റെ ഭാഗമായി വിദ്യാലയം ഏറ്റെടുത്ത പ്രാദേശിക ചരിത്രരചനയുടെ ഉൽപന്നമാണ് ഈ ഗ്രന്ഥം. ചുരുങ്ങിയ മാസങ്ങൾ കൊ് അന്വേഷണാത്മക ചരിത്രരചനയുടെ ഭാഗമായി കുട്ടികളും അധ്യാപകരും നാട്ടിലെ പ്രായമായവരിൽ നിന്നും പ്രമുഖ വ്യക്തിത്വങ്ങളിൽ നിന്നും അഭിമുഖങ്ങളിലൂടെയും ചർച്ചകളിലൂടെയും വാമൊഴികളിൽ നിന്നും ശേഖരിച്ച ചരിത്രം കോർത്തിണക്കി കൊാണ് പ്രാദേശിക ചരിത്രരചന പൂർത്തിയാക്കിയത്. ചുരുങ്ങിയ മാസങ്ങൾ കൊ് പൂർത്തിയാക്കിയതിനാൽ സ്ഖലിതങ്ങൾ സ്വാഭാവികമാണ്. നിറഞ്ഞ മനസ്സോടെ ചരിത്രാന്വേഷണ വഴികളിൽ സഹകരിച്ച എല്ലാവർക്കും മുന്നിലും സമർപ്പിക്കുന്നു.



## ഉള്ളടക്കം


| | |
|---|---|
| 1. കടാങ്കോട് പെരുമ | 4 |
| 2. കടാങ്കോട് ചരിത്രത്തിലൂടെ | 7 |
| 3. പള്ളിപ്രം | 8 |
| 4. കടാങ്കോട് മഹല്ല് ചരിത്രത്തിലൂടെ | 9 |
| 5. വാരം മാപ്പിള എൽപി സ്കൂൾ ചരിത്രവും വികാസവും | 15 |
| 6. വാരം ശ്രീ ശാസ്താംകോട്ടം ശിവക്ഷേത്രം | 16 |
| 7. പൊലുപ്പിൽ ശ്രീ ഭഗവതി ക്ഷേത്രം | 17 |
| 8. വാരം വിശ്വകർമ്മ ക്ഷേത്രം | 19 |
| 9. കടാങ്കോട് കുന്നത്ത് മഖാംശരീഫ് | 20 |
| 10. അന്നത്തെ കല്ല്യാണം | 22 |
| 11. മാർക്കക്കല്ല്യാണം | 22 |
| 12. ആ് നേർച്ച | 22 |
| 13. കുവ്വം കുത്തുക | 23 |
| 14. തൊട്ടുകൂടാത്തവർ | 23 |
| 15. തെയ്യവും തിറയും | 24 |



## ഉള്ളടക്കം


| | |
|---|---|
| 16. ആദ്യകാല കല്യാണം | 25 |
| 17. മാപ്പിള ശൈലി | 26 |
| 18. കർക്കടക പെരുമ | 27 |
| 19. നാടൻ കളികൾ | 32 |
| 20. പഴയകാല ചികിത്സാ രീതികൾ | 33 |
| 21. ഔഷധ സസ്യങ്ങൾ | 35 |
| 22. പത്തെ ചികിത്സ | 36 |
| 23. പാമ്പുകളെ തിരിച്ചറിയുന്നവിധം | 37 |
| 24. പഴമയിൽ പെരുമ | 38 |
| 25. ഏറുമാടം | 42 |
| 26. കുടിയേറിയ വാക്കുകൾ | 42 |
| 27. മരുമക്കത്തായം | 43 |
| 28. നാടൻ പദപ്രയോഗങ്ങൾ | 43 |
| 29. സസ്യങ്ങളുടെ ഔഷധ ഗുണം | 48 |

# കടാങ്കോട് പെരുമ

പുളകം കൊള്ളിക്കുന്നതാണ് കടാങ്കോടിന്റെ പഴയകാല അനുഭവങ്ങൾ. സമൃദ്ധിയുടേയും ഐശ്വര്യത്തിന്റേയും പ്രതാപത്തിന്റേയും കാലമായിരുന്നു അത്. സുലഭവമായ വിളവ് ലഭിക്കുന്ന നെൽകൃഷിയും വെറ്റിലകൃഷിയും തെങ്ങും കവുങ്ങുമൊക്കെ നാടിനെ സമ്പന്നതയിലേക്ക് നയിച്ചിരുന്നു. കടാങ്കോടിന് ചുറ്റും മൂന്നുഭാഗവും പുഴയിൽ വെള്ളം നിറഞ്ഞു നിന്നതിനാൽ വയലുകളും, കൈപ്പാട് നിലങ്ങളും, കരപ്പറമ്പുകളും ഏറെ ഫല പുഷ്ടിയുള്ളതായിരുന്നു. വയലുകളിൽ നെൽകൃഷിക്ക് പുറമെ മരച്ചീനി, വെള്ളരി, പയർ, വാഴ തുടങ്ങിയ ഇടവിള കൃഷികളും, സ്വതവേ ഫലപുഷ്ടിയുള്ള കൈപ്പാട് നിലങ്ങളിൽ കാര്യമായ വളപ്രയോഗമില്ലാതെ നെൽകൃഷിയും കരപ്പറമ്പുകളിൽ തെങ്ങ്, കവുങ്ങ് തുടങ്ങിയവും മറ്റു ഫലവൃക്ഷങ്ങളും ഇടവിളയായി വെറ്റില കൃഷിയും ചെയ്തു വന്നിരുന്നു. കൂടാതെ പുഴകളിലും തോടുകളിലും ചെമ്മീനടക്കമുള്ള മത്സ്യസമ്പത്തും യഥേഷ്ടം ലഭിച്ചിരുന്നു. ധാരാളം മേച്ചിൽ സ്ഥലങ്ങൾ ഉള്ളതിനാൽ പശു, ആട്, കോഴി തുടങ്ങിയവും വളർത്തപ്പെട്ടിരുന്നു. ഇതെല്ലാം നാടിനെ സമ്പന്നതയിലേക്ക് നയിച്ചിരുന്ന ഘടകങ്ങളാകുന്നു.

എങ്ങും പച്ചപിടിച്ചു നിൽക്കുന്ന അന്നത്തെ കാഴ്ച നയന മനോഹരം തന്നെ. ഉഷ്ണകാലത്ത് പോലും ശീതളഛായ അനുഭവപ്പെടുന്ന സുഖകരമായ കാലാവസ്ഥ. വിവിധ നിറങ്ങളിലും ഇനങ്ങളിലുമുള്ള പക്ഷികളുടെ കളകളാരവം കൊ് മുഖരിതമായ അന്തരീക്ഷം പ്രശാന്തമായ രാത്രികളിൽ വൃക്ഷങ്ങളെ അലങ്കാര ദീപങ്ങൾ പോലെ അലങ്കരിക്കുന്ന മിന്നാമിനുങ്ങിൻ കൂട്ടങ്ങൾ, താളാത്മകമായ വയൽ ജീവികളുടെ സംഗീതം അന്നത്തെ പ്രത്യേകതകളായിരുന്നു.

പുതുമഴ പെയ്തു തുടങ്ങിയാൽ പിന്നെ ആവേശത്തോടെ കർഷകർ പറമ്പുകളിലും വയലുകളിലും വിത്തിറക്കുകയായി. കൃഷിയെ സംബന്ധിച്ചു പ്രതീക്ഷകളും പ്രത്യാശകളുമായിരുന്നു അന്ന്. നിലമുഴുതുന്നവർ, കട്ട ഉടക്കുന്നവർ, വളം ചേർക്കുന്നവർ, വിത്തിടുന്നവർ തുടങ്ങിയ വിഭാഗങ്ങൾ സഹകരിച്ചുള്ള വിത്തിടലിന്നും. പിന്നീട് നാട്ടിവയ്പിന്നും, കൊയ്ത്തിനും മിക്കവാറും ഉത്സവങ്ങളുടെ പ്രതീതി തന്നെയായിരുന്നു. കട്ടക്കോരി ചുഴറ്റികൊുള്ള സ്ത്രീ തൊഴിലാളികളുടെ കട്ടയുടക്കൽ ആകർഷകരമായൊരു കാഴ്ച തന്നെയായിരുന്നു. നാടൻപാട്ടിന്റെ അകമ്പടിയോടെയുള്ള നാട്ടിവെയ്പും, അത്യാവേശത്തോടെയുള്ള കൊയ്ത്തും മെതിയും, കാറ്റോല വീശിയുള്ള നെല്ല് തൂറ്റലും, വിത്ത് പൊതി നിർമ്മാണവും അതിവിദഗ്ധമായ വെറ്റിലക്കൊട്ട നിർമ്മാണവും മറ്റും അന്നത്തെ കാഴ്ചകളായിരുന്നു.

പുഴയിലെ മത്സ്യബന്ധനം നാടിനെ മൊത്തം ഇളക്കിമറിക്കുന്ന മറ്റൊരു സംരംഭമായിരുന്നു. ബന്ധനത്തിൽ ലഭിച്ചിരുന്ന ചെമ്മീനും മത്സ്യങ്ങളും വീടുകളിലെ കളപ്പുരകളി

ലാണ് ഉണക്കിയെടുത്തിരുന്നത്. ഈ മത്സ്യ സമ്പത്ത് ഇന്നും ലഭ്യമായിരുന്നെങ്കിൽ നാടിന്റെ സാമ്പത്തിക നില മാറി മറിഞ്ഞേനേ.

തേനൂറുന്ന മാമ്പഴങ്ങളും ചക്കയും പോഷകമൂല്യങ്ങളുള്ള ചേമ്പ്, കാത്ത്, കൂവ്വ , മരച്ചീനി തുടങ്ങിയ കിഴങ്ങുവർഗ്ഗങ്ങളും മിക്കവാറും എല്ലാ വീട്ടുപറമ്പുകളിലും ലഭ്യമായിരുന്നു. ഭക്ഷ്യവസ്തുക്കൾ പറമ്പുകളിലും മത്സ്യസമ്പത്ത് പുഴയിലും സുലഭം. ചുരുക്കത്തിൽ ഐശ്വര്യം വിളഞ്ഞു നിൽക്കുന്ന ഭൂതകാലമാണ് കടാങ്കോടിനുായിരുന്നത്.

ഈ സമൃദ്ധിക്കിടയിൽ സാമൂഹ്യാചാരവും കെങ്കേമമായി നടന്നിരുന്നു. പുത്തരിയാഘോഷത്തോടെയാണ് പുതിയ നെല്ല് ഉപയോഗിക്കാൻ തുടങ്ങുന്നത്. പുത്തരിയോടനുബന്ധിച്ച് നെൽകൃഷിയോടുള്ള ആദരസൂചകമായി വീടുകളിൽ കനത്ത നെൽകതിർ കുലകൾ പച്ചിലകൾ ചേർത്ത് സ്ഥാപിക്കാറുായിരുന്നു. നെല്ല് കയറ്റൽ എന്നാണ് ഈ ചടങ്ങ് അറിയപ്പെട്ടിരുന്നത്. അടുത്ത വർഷത്തെ പുത്തരിയോടനുബന്ധിച്ച് മാത്രമേ ഈ കതിർകുലകൾ മാറ്റിയിരുന്നുള്ളൂ. നല്ല ഭക്ഷണ വിഭവങ്ങളുാക്കിക്കൊുള്ള നേർച്ചകളും റാത്തീബുകളും, മൗലിദുകളും വ്യാപകമായി വീടുകളിൽ നടത്തിവരാറുായിരുന്നു. ഇതൊക്കെ ബന്ധുക്കൾക്കും വേപ്പെട്ടവർക്കും ഒത്തുകൂടാനുള്ള അവസരങ്ങൾ ഒരുക്കിയിരുന്നു.

ആൺകുട്ടികളുടെ സുന്നത്ത് കർമ്മവും പെൺകുട്ടികളുടെ കാതുകുത്തും സാധാരണ വിവാഹം പോലെ മുൻകൂട്ടി തീയ്യതി നിശ്ചയിച്ച് വലിയ ആർഭാടത്തോടെ നടത്തി വന്നിരുന്നു. സുന്നത്ത് കല്യാണവും കാതുകുത്തും നിശ്ചയിക്കപ്പെട്ട കുട്ടികൾ ഏറെ ദിനങ്ങൾ ഉൽകണ്ഠയോടെ കഴിച്ചുകൂട്ടി വന്നിരുന്നെങ്കിലും പുത്തനുടുപ്പുകളും മറ്റു പരിചരണങ്ങളും ലഭിക്കുന്നത് സന്തോഷദായകമായിരുന്നു. മറക്കാനാവാത്ത അനുഭവമായിരുന്നു. അന്നത്തെ പള്ളിയിലേയും മഖാമിലേയും നേർച്ചകൾ. പ്രകമ്പനം കൊള്ളിക്കുന്ന ബാന്റ് വാദ്യവും പന്തമടിയും ആവേശമിരമ്പുന്ന തൊട്ടിലാട്ടവും കുത്ത്റാത്തീബുമൊക്കെ ചേർന്ന് പള്ളിയിലെ നേർച്ചക്ക് ഏറെ കൊഴുപ്പ് കൂട്ടിയിരുന്നു.

കാലചക്രത്തിന്റെ കറക്കത്തിനിടയിൽ പല സമൂഹങ്ങൾക്കും ഇസ്ലാമികമായ മൂല്യങ്ങൾ നഷ്ടപ്പെട്ടുകൊിരിക്കുന്ന ഈ കാലഘട്ടത്തിലും അടിസ്ഥാന മൂല്യങ്ങളിൽ ഉറച്ചു നിന്നുകൊാണ് കടാങ്കോട് ഇന്നും ചരിക്കുന്നത് എന്നത് സന്തോഷിക്കാൻ വക നൽകുന്ന കാര്യമാണ്. ●

# ചരിത്രാന്വേഷണ വഴിയിലൂടെ ഹിസ്റ്ററി ക്ലബ് അംഗങ്ങൾ



പി.സി.രാമകൃഷ്ണന്റെ കൂടെ



നാട്ടുകൂട്ടത്തിൽ കുഞ്ഞിമാമു മാസ്റ്റർ



രാജൻ ഗുരുക്കളുമായി ഒരു അഭിമുഖം



100 നോട്ടടുത്ത അബൂക്കയുമായി ചരിത്രാന്വേഷണം





*കുട്ടിചരിത്രകാരന്മാർ ചരിത്രം രചിക്കുന്നു*

# കടാങ്കോട് ചരിത്രത്തിലൂടെ

വളരെ മനോഹരമായ പ്രദേശം. കാടും, കുന്നും പുഴയും വയലുമൊക്കെ ഉൾക്കൊള്ളുന്ന പ്രകൃതിരമണീയമായ സ്ഥലം. ഏകദേശം 600 വർഷം മുമ്പ് ജനവാസം തുടങ്ങിയ പ്രദേശമായിരുന്നു കടാങ്കോട്. കാടും കുന്നും ഉൾക്കൊള്ളുന്ന പ്രദേശമായതിനാൽ കടാങ്കോട് എന്ന പേര് പ്രദേശത്തിന് കൈ വന്നു. വളപട്ടണത്ത് നിന്ന് തോണിമാർഗം ഇവിടെയെത്തിയ നാരാങ്കല്ലിൽ കുടുംബം ആയിരുന്നു പ്രദേശത്ത് താമസമാക്കിയ ആദ്യ കുടുംബം. നാരാങ്കല്ലിൽ കുടുംബം താമസിച്ച തറവാടിന് 'കുന്നത്ത്' എന്നാണ് അറിയപ്പെട്ടത്. പിൽക്കാലത്ത് നാരാങ്കല്ലി കുടുംബം സ്ഥാപിച്ച പള്ളിയാണ് കുന്നത്ത് പള്ളി.

വളപട്ടണവുമായി അഭേദ്യമായ ബന്ധമു് കടാങ്കോടിന്. ജലഗതാഗതത്തെ ആശ്രയിച്ചു ജീവിച്ച ആദ്യകാല ജനത പ്രധാനമായും സാധനങ്ങളും മറ്റു വസ്തുക്കളും കൊുവന്നത് വളപട്ടണം പുഴയിൽകൂടി ആയിരുന്നു. പുഴയ്ക്ക് സമീപത്ത് കച്ചവടസ്ഥാപനങ്ങളുടെ അവശിഷ്ടങ്ങൾ ഇന്നും ഇതിന്റെ ബാക്കി പാത്രമായി കാണാവുന്നതാണ്.

ആദ്യകാലത്തെ ജനങ്ങൾ കൃഷിയെ ആശ്രയിച്ചാണ് ജീവിതം മുന്നോട്ടു കൊുപോയത്. നെൽകൃഷി, വെറ്റില, വാഴ, കവുങ്ങ് എന്നിവയാണ് മുഖ്യകൃഷികൾ. കൃഷി കൂടാതെ മത്സ്യബന്ധന തൊഴിലിലും ഏർപ്പെട്ടിരുന്നു.

സ്കൂൾ വിദ്യാഭ്യാസം കുറവായിരുന്നു. 1925 ലാണ് പ്രദേശത്ത് വാരം മാപ്പിള എൽ.പി.സ്കൂൾ ആരംഭിച്ചത്. സ്കൂൾ തുടങ്ങുന്നതിന് മുമ്പ് ശ്രീ കുട്ടിയപ്പ മാസ്റ്റർ തുടങ്ങിയ വിദ്യാഭ്യാസം ഒറ്റമുറിയിലായിരുന്നു. പലകയിൽ ആയിരുന്നു ആദ്യകാലത്തെ എഴുത്തും വായനയും.

ആർഭാടം കുറഞ്ഞതും ലളിതവുമായ വിവാഹമായിരുന്നു ആദ്യകാല വിവാഹം. ഈന്തിന്റെയും ഓലയുടേയും പന്തൽ നാട്ടുകാർ തന്നെ കെട്ടാറായിരുന്നു പതിവ്. കല്യാണത്തിന്റെ ഭക്ഷണം ദാരിദ്ര്യത്തിൽ കഴിയുന്ന ആ കാലഘട്ടത്തിൽ ഉള്ളവർക്ക് കൗതുകമായിരുന്നു. മൈലാഞ്ചി അണിയിക്കലും ഒപ്പനപ്പാട്ടുകളും കല്യാണത്തിന്റെ മുഖ്യ ആകർഷണമാണ്. രാത്രികാല കല്യാണത്തിന് റാന്തലും പെട്രോമാക്സും ആയിരുന്നു വെളിച്ചമേകിയത്.

രാത്രികാലത്ത് ജനങ്ങൾ നേരത്തെ വീടണിയുമായിരുന്നു. മണ്ണെണ്ണ വിളക്കിലായിരുന്നു രാത്രികാലം കഴിച്ചു കൂട്ടിയത്. പ്രേതഭൂത പേടികളും. ചാമുണ്ഡിയും, യക്ഷികഥകളും, പേടിപ്പെടുത്തിയിരുന്നു. 1971 ൽ വൈദ്യുതി കടന്നു വന്നത് വീടുകളെ പ്രഭാപൂരിതമാക്കി. ഭയം ആത്മവിശ്വാസത്തിന് വഴിമാറി.

1972 ൽ ഇടവഴികളൊക്കെ മാറ്റി കടാങ്കോട് വാരം റോഡ് വന്നപ്പോൾ ജനങ്ങൾ പൂർണ്ണമായും ജലഗതാഗതത്തിൽ നിന്ന് മാറി. റോഡ് ഗതാഗതം ഉപയോഗിച്ചു. പിന്നീട് പള്ളിപ്രം റോഡ് ഉദ്ഘാടനം ചെയ്യപ്പെട്ടതോടെ നാടിന്റെ മുഖഛായ തന്നെ മാറി.

# പള്ളിപ്രം

പ്രകൃതി രമണീയമായ കുന്നും വയലും പുഴയും തോളുരുമ്മി നിൽക്കുന്ന പ്രദേശമാണ് പള്ളിപ്രം, കടാങ്കോട് നിന്ന് കുന്നത്ത് നാരങ്കല്ലിൽ കുടുംബത്തിലെ അംഗങ്ങൽ വിജനമായ പള്ളിപ്രത്തിന്റെ ഒരു ഭാഗത്ത് താമസമാക്കുന്നതോടെയാണ് ജനവാസം ആരംഭിക്കുന്നത്. അതുവരെ കടാങ്കോട് താമസിച്ച കുടുംബങ്ങളിലൊരു ഭാഗം പള്ളിക്ക് അപ്പുറത്തേക്ക് എത്തുകയായിരുന്നു. അതോടുകൂടി പള്ളിക്കപ്പുറം എന്നത് ലോപിച്ച് ഈ പ്രദേശത്തിന് പള്ളിപ്രം എന്ന പേര് സിദ്ധിച്ചു. മറ്റൊരു ഭാഗത്ത് ഹൈന്ദവ സമൂഹവും ജീവിച്ചു പോകുന്നത് ഇന്നും ഇവിടുത്തെ ജീവിതത്തിന് മതസൗഹാർദ്ദത്തിന്റെ ഈണവും താളവും നൽകുന്നു. നാരങ്കല്ലിൽ കുടുംബത്തിന് ശേഷം വിവിധ ഭാഗങ്ങളിൽ നിന്ന് പയോടി, കരിക്കങ്കി, കലരിക്കു്, ചീരായ്, കൗറുവാട്ട്, മയിലപ്രം, പൊള്ളറാട്ട്, മാടപ്പുര, മൊട്ടമ്മൽ, പള്ളിപ്രം, പള്ളിക്കി, മീത്തലെപ്പുര, ആദോടത്ത്, മീത്തൽ എന്നീ കുടുംബങ്ങളും ഈ പ്രദേശത്ത് താമസമാക്കി. കണ്ണൂരിലെ പ്രധാനപ്പെട്ട സെറ്റിൽമെന്റ് കോളനി ഇവിടെ സ്ഥിതി ചെയ്യുന്നു.

1950-ൽ പള്ളിപ്രത്ത് സ്കൂൾ ആരംഭിച്ചു. പൂഴിയെഴുത്തോടെയായിരുന്നു ആരംഭം കുറിച്ചത്. സ്കൂൾ ആരംഭിച്ച അതേദിവസം രാവിലെയായിരുന്നു ഇസ്മായിൽ മുക്രിക്കയുടെ നേതൃത്വത്തിൽ മദ്രസയും ആരംഭിച്ചതെന്ന് പ്രായമുള്ളവർ സാക്ഷ്യപ്പെടുത്തുന്നു. പലകയോത്ത് സമ്പ്രദായമായിരുന്നുവത്രെ മദ്രസയിൽ നടന്നുകൊിരുന്നത്.

കല്ല്യാണമെന്നത് പ് കാലത്ത് മുഖ്യ ആഘോഷമായിരുന്നു. ഉപ്പയും കാരണവന്മാരും നിശ്ചയിക്കുന്ന കല്ല്യാണത്തിൽ വരൻ തയ്യാറാവുന്നു. പള്ളിയിലെ മുക്രി സന്ധ്യക്ക് വീട്ടിൽ എത്തി ഒലിമുറി നടത്തുന്നു. പെണ്ണിന്റെ സമ്മതം വാങ്ങി കല്ല്യാണം നടത്തുന്നു. മെടഞ്ഞ ഓല കൊ് ബാല്യക്കാർ പന്തൽ കെട്ടുന്നു. അവിൽ കൊഴച്ചതും മൈസൂർ പഴവും തേങ്ങച്ചോറുമാണ് പ്രധാന ഭക്ഷണം. അയൽ വീട്ടിൽ നിന്ന് ബസ്സിയും തളികയും സംഘടിപ്പിക്കുന്നു. ഇതിലാണ് ഭക്ഷണം വിളമ്പുക. ഇരിപ്പിടങ്ങളായി സമീപത്ത് നിന്ന് കിട്ടുന്ന ബെഞ്ചുകളാണ് ഉപയോഗിക്കുന്നത്. കാക്കാന്റെയും ബാപ്പാന്റെയും തക്കാരമുാകും. 40 ദിവസം വരെ റാന്തൽ വിളക്കുമായി പുതിയാപ്പിളയെ കൂട്ടാൻ പോകും. നെൽകൃഷി, വാഴ, കവുങ്ങ്, വെറ്റില മത്സ്യം പിടിക്കൽ എന്നിവയാണ് മുഖ്യ തൊഴിൽ വരുമാന മാർഗ്ഗങ്ങൾ.

1962 ലാണ് മുയാട് റോഡ് വന്നത് പിന്നീട് കക്കാട് റോഡും ബന്ധിപ്പിച്ചത് പള്ളിപ്രത്തെ മുഖഛായതന്നെ മാറ്റി.

****

# കടാങ്കോട് മഹല്ല് ചരിത്രത്തിലൂടെ

കണ്ണൂർ ജില്ലയിൽ മുസ്ലീംകൾ ആദ്യകാലങ്ങളിൽ തന്നെ എത്തിയിട്ടുന്നെതിന് ദൃക്സാക്ഷിയാകുന്നു കേരളത്തിലെ ആദ്യകാല പള്ളികളിലൊന്നായ വളപട്ടണം പള്ളി. വളപട്ടണം, ധർമ്മടം രാജാവിന്റെ കീഴിലായിരുന്നു. അവിടെ പള്ളി നിർമ്മിച്ചത് കോലത്തിരി രാജാവായിരുന്നു. 1200 വർഷം പഴക്കമുളള ഖാസീ കുടുംബമിവിടെയു്. അവിടെയുളള ഖാസി മുഹമ്മദ് കൊളങ്ങര പള്ളി നിർമ്മിച്ചു. ഖാസിമാരിൽ ആദ്യകാലപ്രബോധകരിൽ ശ്രദ്ധേയരായിരുന്നു. സയ്യിദ് അബൂബക്കർ, സയ്യിദ് മുഹമ്മദ് എന്നിവർ. നമ്മുടെ പ്രദേശത്തിനടുത്തുള്ള ഇസ്ലാമിക സിരാകേന്ദ്രമായ വളപട്ടണവുമായി നൂറ്റാുകൾക്കു മുമ്പുതന്നെ പുഴമാർഗം വാണിജ്യ ഗതാഗതം നടന്നിരുന്നു. നൂറ്റാുകൾക്ക് മുമ്പ് നമ്മുടെ പ്രദേശത്ത് ഒരു കുടുംബം വന്നു താമസിച്ചു.അവരിൽ നിന്ന് താവഴി കുടുംബം വളർന്നുവരികയും ചെയ്തു. ആ കുടുംബം ഒരു സമൂഹമായി നമ്മുടെ പ്രദേശത്ത് വ്യാപിക്കുകയും കടാങ്കോട് ആസ്ഥാനമായി പ്രവർത്തന മേഖല വിപുലപ്പെടുത്തുകയും ചെയ്തു. പ്രദേശത്ത് ഇസ്ലാമിന്റെ ആഗമനം ഇതിൽ നിന്നും ആദ്യകാലത്തു തന്നെ ഉടലെടുത്തു എന്നു ന്യായമായി അനുമാനിക്കാം. ആ കാലഘട്ടത്തിൽ കടാങ്കോട് ആസ്ഥാനമായുളള ജുമാഅത്ത് പള്ളിക്ക് കീഴിലായിരുന്നു കടാങ്കോട്, വാരം കടവ്,പള്ളിപ്രം, എളയാവൂർ എന്നീ വിശാലമായ പ്രദേശത്തെ കുടുംബങ്ങൾ. ഇന്നും പള്ളിപ്രം ഈ മഹല്ലിന്റെ കീഴിൽ പ്രവർത്തിക്കുന്നു.



കുന്നത്ത് നാരാങ്കല്ലി എന്ന കുടുംബമായിരുന്നു ആദ്യത്തെ മുസ്ലിം കുടുംബം. നൂറ്റാുകൾക്ക് മുമ്പ് തന്നെ പണിത നമ്മുടെ പള്ളിയുടെ പരിപാലനം നടത്തിയിരുന്നത് ഈ കുടുംബമായിരുന്നു. പിന്നീട് ഈ കുടുംബം നാല് താവഴിയായി തിരിഞ്ഞ് ഒന്ന് ര് മൂന്ന നാല് എന്നീ തറവാടുകളായി മാറി. ഒരോ തറവാടിനും ഒരോ കാരണവർ. അവർ സ്വാഭാവികമായും അതാത് കാലത്ത് പള്ളിയുടെ കൈകാര്യകർത്താക്കളായിമാറി.

ഒർമകൾക്കപ്പുറത്തുള്ള ഇസ്ലാമിക പ്രബോധകരുടെയും കാരണവൻമാരുടെയും മഗ്ഫിറത്തിനായി ചരിത്രത്തോടുള്ള കൂറു പുലർത്തി നമുക്ക് പ്രാർത്ഥിക്കാം(ആമീൻ)

ഇന്നത്തെ പ്രായം ചെന്നവരുടെ ഓർമ്മകളിൽ നിന്ന് ചരിത്രം ആരംഭിച്ചാൽ 100 വർഷങ്ങൾക്ക് മുമ്പ് നമ്മുടെ പള്ളിയുടെ കൈകാര്യകർത്താവും ഖത്തിബുമായിരുന്നത് നാരാങ്കല്ലി മൊയ്തീൻകുട്ടി മുസ്ലിയാർ ആയിരുന്നു. അവർക്ക് ശേഷം പള്ളി ഖത്തീബ് നാരാങ്കല്ലി

പീടികയിൽ മർഹും മുക്രി മുഹമ്മദ്, മർഹൂം മുക്രി മൊയ്തീൻകുട്ടി മിസ്ലിയാർ എന്നിവർ പള്ളിയിൽ സേവനമനുഷ്ഠിച്ചു. ഇസ്ലാമിക പഠനത്തിനും സാംസ്കാരിക പ്രവർത്തനത്തിനും ഉണർവും ഉന്മേഷവും ഈ മഹാന്മാർ നൽകി. പരിപാലനവും അതാത് കാലത്തെ ഖതീബുമാർ നടത്തി പോന്നു. മഖാമിന്റെ പറമ്പ് മർഹൂം മുക്രി മുഹമ്മദിന്റെ പേരിൽ ജമ തിരിച്ചിരുന്നത് ഈ കാലഘട്ടത്തിലാണ്.

മർഹൂം വാരത്തു വീട്ടിൽ പനക്കട ഹൈദ്രോസ്(റ) അവർകൾ വാരംകടവിൽ ഒരു പള്ളിനിർമിക്കുകയും പള്ളി പരിപാലനത്തിനാവിശ്യമായ ദൈനംദിന ചെലവിലേക്കായി പള്ളിക്കു ചുറ്റുമുള്ള അദ്ദേഹത്തന്റെ സ്ഥലം വഖ്ഫു ചെയ്യുകയും ചെയ്തു. പ്രസ്തുത പള്ളിയുടെ മേൽനോട്ടം ഈ മഹല്ലിൽ ഏൽപ്പിക്കുകയും അദ്ദേഹവും ഈ പള്ളിയുടെ മേൽനോട്ടം നിർവഹിക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തിന് ശേഷം മർഹൂം താനം പറമ്പത്ത് അമാനത്ത് എന്നവർ മറ്റുള്ളവരേടൊപ്പം മോൽനോട്ടം വഹിച്ചു.

ഈ കാലഘട്ടത്തിൽ മറ്റു താവഴിത്തറവാടുകൾ നമ്മുടെ നാട്ടിൽ താമസമാക്കി. ഇവർ കച്ചവടക്കാർ എന്നറിയപ്പെടുന്നു. ഇവർ നാല് തറവാടുകളെയും കൂട്ടി ഭരണപങ്കാളിത്തം വിപുലമാക്കി. ഇവ താഴെ പറയുന്നവയാണ്.

1.നരയങ്കി 2.പയോടി

3.അറക്കാൽ 4.മൂന്നാടത്ത് മൊട്ടമ്മൽ

പ്രായം ചെന്നവരുടെ ഒർമ്മയിൽ നിന്ന് എടുത്തെഴുതിയാൽ പ്രശസ്തർ ഇവരാണ്. പള്ളിക്കൊളോൻ എന്നറിയപ്പെടുന്ന നരയങ്കി മമ്മദ്,അബ്ദു റസ്സാക്ക് ഹാജി മകൻ അരയണ കാദർ, കൈതക്കുളത്തിൽ മമ്മദ്, പൊട്ടന്റ വിട മായൻ, പയോടി മമ്മദ്, പയോടി കുഞ്ഞിപ്പരി. അറക്കാൽപരി, അറക്കാൽ ഇബ്രാഹീം, മൂന്നാടത്ത് മൊട്ടമ്മൽ മൊയ്തീൻ എന്നിവർ ഈ നാടിന്റെ ഗതകാല ചരിത്രത്തിന്റെ ഭാഗമായി മാറി.

പിന്നീട് ഭരണ കർത്താക്കളായി വന്നത് നാരാങ്കല്ലി കുരിക്കളച്ചാലിൽ മമ്മദ് എന്നവരും അവരുടെ കാല ശേഷം നാരാങ്കല്ലി കുരിക്കളച്ചാലിൽ സാവാൻ മായൻ കുട്ടി, പടിക്കൽ പക്കർ ഹാജി, കുറുങ്കര ചാലു വളപ്പിൽ വലിയ മമ്മദ്, മർഹൂം വടക്കെ വളപ്പിൽ കുഞ്ഞഹമ്മദ്, മർഹൂം മൊയിലാറയിൽ സീമാൻ മൊയ്തീൻ കുട്ടി, എന്നിവരുടെ സേവനം കൊ് അനുഗ്രഹീതമാവുകയായിരുന്നു നമ്മുടെ നാട്.

ഈ കാലയളവിലാണ് നമ്മുടെ നാട്ടിലെ ഭൗതിക വിദ്യാഭ്യാസത്തിന് ദിശാബോധം നൽകുക എന്ന ലക്ഷ്യത്തോടെ സ്കൂളിന് സ്ഥലം അനുവദിച്ചത്. പടിപ്പുരയിൽ ആരംഭിച്ച് പലയോത്ത് സ്കൂളിലേക്ക് മാറ്റുകയും മദ്രസക്ക് ബീജാവാപം നൽകുകയും ചെയ്തത് ഈ കാലത്താണ്. പള്ളി വിപുലീകരിച്ച് പോർപ്പലക അടിച്ചു. പിന്നീട് പള്ളിയുടെ ചീപ്പോട് മാറ്റി പലയോടിട്ടത് മർഹൂം പടിക്കൽ മൂസാൻ കുട്ടി ഹാജി അവർകളായിരുന്നു. ഇതിൽ അദ്ധേഹത്തെ സഹായിച്ചത് പടിക്കൽ കമാൽ എന്നവരായിരുന്നു.

പള്ളി പരിപാലനത്തിനും ദീനി ഉദ്ബോധനത്തിനും നേതൃത്വം നൽകിയവരായിരുന്നു അതാത് കാലത്തെ ഖത്വീബുമാർ. മർഹൂം പടിക്കൽ കമാൽ മുസ്ലിയാർ, മർഹൂം പടി

ക്കൽ മാമു മുസ്ലിയാർ, മർഹൂം വടക്കെ വളപ്പിൽ മാമു മസ്ലിയാർ, മർഹൂം പൂക്കുന്നത്ത് ഫഖ്റുദ്ധീൻ മുസ്ലിയാർ, മർഹൂം വയക്കാൽ ആലക്കാട് കുഞ്ഞത് കുട്ടി ഹാജി എന്നിവരെയും, പള്ളി പരിപാലനത്തിലും മഖാം പരിപാലനത്തിനും സേവനമനുഷ്ഠിച്ച പുതിയ പുരയിൽ മുക്രി പക്കർ എന്നറിയപ്പെടുന്ന ഫഖ്റുദ്ധീൻ മുസ്ലിയാർ എന്നിവരെയും ഈ തലമുറയിലുള്ള പഴമക്കാർക്ക് മറക്കാൻ സാധ്യമല്ല. അദ്ദേഹത്തിന്റെ വഫാത്തിന് ശേഷം മകളുടെ ഭർത്താവ് മർഹൂം എ എൻ കമാൽ മുസ്ലിയാർ 45 വർഷത്തോളം ഖത്തീബായി സേവമനുഷ്ട്ടിച്ചു. മഹാനുഭാവന്റെ സ്മരണകൾ ഇന്നും നിലനിൽക്കുന്നു.അല്ലാഹു മഗ്ഫിറത്ത് നൽകട്ടെ (ആമീൻ). തുടർന്ന് ഹസനവി റഫീഖ് ഹുദവി കുറ്റ്യാട്ടൂർ നിലവിൽ ഖതീബായി തുടരുന്നു. കാരണവന്മാരുടെ കീഴിൽ അന്നും ഇന്നത്തെ പോലെ വഅള് പരമ്പര നടന്നിരുന്നു.മൈക്ക് അന്ന് ഉപയോഗത്തിൽ ഉായിരുന്നില്ല. ബാബിട്ട് വഅള് പറയുന്ന (വിഷയാധിഷ്ഠിത ) സമ്പ്രദായമായിരുന്നു. വഅളിന് വിഷയ സംബന്ധിയായ ഖിസ്സകളും അവതരിപ്പിക്കപ്പെട്ടു. മുൻ കാല തലമുറയിൽ നിന്നും ഓർക്കുന്ന വഅള് പരമ്പരയിലെ ശബ്ദ ഗാഭീര്യത്തിന്റെയും സ്വതസിദ്ധിയോടെയുള്ള പ്രഭാഷണത്തിന്റെയും ഉടമയായിരുന്നു മർഹൂം വടക്കെ വളപ്പിൽ ബാബു മുസ്ലിയാർ(റ) മർഹൂം പടിക്കൽ കമാൽ മുസ്ല്യാർ എന്നിവർ.

1944-ൽ അന്നത്തെ കൈകാര്യകർത്താവായ കാരണവന്മർ സ്കൂളിന്റെ അവകാശം പുകുതി വാങ്ങിക്കുകയും തുടർന്ന് 1958-ൽ പൂർണ്ണമായും സ്കൂളിന്റെ അവകാശം നേടിയെടുക്കുകയും ചെയ്തു. മദ്രസ്സാ പഠനം സ്കൂളിൽ തുടരവെ സ്കൂളിൽ മതപഠനം പാടില്ല എന്ന നിയമം നിലവിൽ വന്നു. അതേ തുടർന്ന് മദ്രസക്ക് പുതിയ ബിൽഡിംഗ് ആവശ്യമായി വന്നു. മർഹൂം പള്ളിന്റവിട കമാൽ, മർഹൂം പള്ളിന്റവിട പക്കർ ,മർഹും പള്ളിന്റെവിട ഇബ്രാഹിം എന്നിവർ വഖഫ് ചെയ്ത സ്ഥലത്ത് ചെറിയ മദ്രസ്സ നിലവിൽ വന്നു.

മർഹൂം നാരാങ്കല്ലി കുരിക്കളച്ചാലിൽ സാവാൻ മൊയ്തീൻ കുട്ടി, മൊയിലാറയിൽ കമാൽ എന്നീ കാരണവന്മാരോടൊപ്പം ദീനി പാതയിൽ ഒട്ടേറെ സേവനം അനുഷ്ഠിച്ചവരായിരുന്നു മർഹും വണിയങ്കുിൽ കമാൽ, മർഹൂം വട്ടത്ത് മാമു ഹാജി, മർഹൂം പീടികക്കി പക്കർ, മർഹും മാടക്കി മൂസ, മർഹും ബപ്പങ്കി കമാൽ, മർഹും പള്ളിന്റവിട പക്കർ, മർഹും  പനക്കട മാമൂട്ടി, മർഹും പോളന്റവിട കുട്ട്യാലി, മർഹും നാരാങ്കല്ലി പള്ളിപ്പുത്ത് ഇസ്മാഈൽ, എൻ പി എസ്, എകെ എന്നു പേരുള്ള മർഹും അബ്ദുൽ ഖാദർ മുസ്ലിയാർ തുടങ്ങിയവർ കാരണവന്മാരായി. മർഹും കെസി ചെറിയ മുഹമ്മദ്, മർഹും കയക്കൽ അസ്സയിനാർ ഹാജി, മർഹും താനം പറമ്പത്ത് മൂസ, മർഹും നാരാങ്കല്ലി കുരിക്കളച്ചാലിൽ കമാൽ ഹാജി എന്നിവരുടെ ത്യാഗസുരഭിലമായ പ്രവർത്തനത്തിന് അള്ളാഹു തക്കതായ പ്രതിഫലം നൽകട്ടെ. ഈ കാലഘട്ടത്തിലാണ് മദ്രസാ പ്രവർത്തനം വിപുലീകരിക്കാനും ദീനി പഠനം ഊർജ്ജസ്വലമാക്കാനും മദ്രസാ കമ്മിറ്റി രൂപീകരിച്ചത്. മദ്രസയുടെ ക്ലാസ് റൂം അപര്യാപ്തത പരിഹരിക്കാൻ വേി വലിയ ഒരു മദ്രസ്സ നിർമ്മിക്കുകയും ചെയ്തു.

ഇന്നു കാണുന്ന പള്ളി നിർമ്മാണം ആരംഭിച്ചത് 1980 കളിലാണ്. പള്ളി നിർമ്മാണ കമ്മിറ്റി സെക്രട്ടറിയായും വളരെ കാലം സ്കൂൾ മാനേജർ , മദ്രസാ കമ്മിറ്റി സെക്രട്ടറി ,

പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ച മർഹും കോളോത്ത് പക്കർ ഹാജി, പ്രസിഡന്റായി പ്രവർത്തിച്ച കാരണവർ മ: വിപി മൊയ്തീൻ കുട്ടി ഹാജി, ഖജാഞ്ചിയായ മ:പള്ളിക്കി പള്ളിപ്രത്ത് കമാൽ ഹാജി, മ: മൊയിലാറയിൽ മുഹമ്മദ്, മ: കെസി മമ്മദ്, മ: കെസി കുഞ്ഞത് എന്നിവരുടെ പ്രവർത്തനങ്ങളും വിലപ്പെട്ടതാണ്. ഈ കാലത്ത് നമ്മുടെ പള്ളി ദീർഘകാലം പരിപാലിച്ച മ: ചെറിയത്ത് ഖാദർ എന്നിവരുടെ സേവനം നിസ്ഥുലമാകുന്നു. ഇതോടൊപ്പം തന്നെ ഓർക്കേ മറ്റൊരു മഹത് വ്യക്തിത്വമാണ് നമ്മുടെ പള്ളി മുക്രിയായും ചാലിൽ മൊട്ട ഫാറൂഖ് മസ്ജിദ് ഇമാമുമായിരുന്ന എൻകെ മൂസാൻ അവർകളുടെ പ്രശംസനീയമായ പ്രവർത്തനങ്ങളും.

1982 ഏപ്രിൽ 18ാം തീയതി നമ്മുടെ പ്രദേശത്ത് ദീനി പ്രഭ ചൊരിഞ്ഞു കൊ് കടാങ്കോട് കുന്നത്ത് ജുമുഅത്ത് പള്ളി ഉദ്ഘാടനം ചെയ്യപ്പെട്ടു. കാഞ്ഞങ്ങാട് ഖാസി മ: പിഎ അബ്ദുള്ള മൗലവി (റ) അവർകളാണ് ഉദ്ഘാടനം ചെയ്തത്. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ ബഹു.യു കോയക്കുഞ്ഞി തങ്ങൾ അദ്ധ്യക്ഷത വഹിച്ചു. വിപിഎം ഫൈസി വില്ല്യാപള്ളി , എം സുലൈമാൻ മൗലവി, കാളികാവ് അബ്ദുൽ ബഷീർ, സികെ അബ്ദുള്ള മൗലവി (പ്രസിഡന്റ് കണ്ണൂർ താലൂക്ക് സുന്നി യുവജന സംഘം) , കെടി അബ്ദുള്ള മൗലവി(കണ്ണൂർ ജില്ല ജംഇയ്യത്തുൽ മുഅല്ലിമീൻ), സികെ ഉസ്മാൻ മൗലവി, കെപി മുഹമ്മദ്കുട്ടി മൗലവി, കെവി അബ്ദുൽ ഹക്കീം മൗലവി  എന്നിവർ ചടങ്ങിൽ പങ്കെടുത്ത് സംസാരിക്കുകയുായി. വികെ മുഹ്യുദ്ധീൻ മൗലവി , വാരാമ്പറ്റയുടെ മൂന്ന് ദിവസത്തെ വഅളും നൂറുൽ ഇസ്ലാം ദർസ് മദ്രസ വിദ്യാർത്ഥിതളുടെ വിവിധ കലാ പരിപാടികളും ഉായിരുന്നു. (അവലംബം:8.4.1982 പള്ളി ഉദ്ഘാടന കമ്മിറ്റി ഇറക്കിയ നോട്ടീസ്).

1986-ൽ നമ്മുടെ മഹല്ലിൽ പെട്ടതും മുസ്ലിംകൾ തിങ്ങിത്താമസിക്കുന്നതുമായ ചാലിൽ മൊട്ടഭയിൽ ഒരു പള്ളി ആവശ്യമാണെന്ന് മനസ്സിലാക്കുകയും മർഹൂം പള്ളിക്കി അബ്ദുള്ള, മർഹൂം ആർ മൊയ്തീൻ, പുതിയ പുരയിൽ പാത്തൂട്ടി എന്നീ മഹത്തുക്കൾ വഖഫ് ചെയ്ത സ്ഥലത്ത് തദ്ദേശ വാസികളുടെ ദീനി സ്വപ്നമായ ഫാഭറൂഖ് പള്ളി, കക്കാട് പൂക്കോയ തങ്ങൾ ജനങ്ങൾക്കായി തുറന്ന് കൊടുക്കുകയും ചെയ്തു. പ്രസിഡന്റ്:പള്ളിക്കി കമാൽ ഹാജി, ജനറൽ സെക്രട്ടറി കുറവാട്ട് മുഹമ്മദ് കുഞ്ഞി, ട്രഷറർ പള്ളിക്കി അബ്ദുള്ള എന്നിവരായിരുന്നു ഫാറൂഖ് പള്ളി നിർമ്മാണ കമ്മിറ്റി ഭാരവാഹികൾ.

ഇക്കാലയളവിൽ ഓർമ്മിക്കപ്പെടേതും ദീർഘകാലം സേവന നിരതനുമായി നാടിന്റെ ദീനിമേഖലയിൽ ത്യാഗ സുരഭിലമായ പ്രവർത്തനം നടത്തുകയും ചെയ്ത ആയങ്കീൽ ആദം കുട്ടി അവർകളുടെ പ്രവർത്തനം ധന്യതയോടെ അയവിറക്കുന്നു.പ്രവർത്തന മേഖലയുടെ വൈപുല്യം കാരണം കടാങ്കോട് കുന്നത്ത് മഹല്ല് മുസ്ലിം ജമാഅത്ത് കമ്മിറ്റി നിലവിൽ വരികയും മുതവല്ലിമാരുടെ ഉപദേശനിർദേശങ്ങൾ സ്വീകരിച്ചു കൊ് പ്രവർത്തനം മുന്നോട്ട് കൊുപോവുകയും ചെയ്തു വരുന്നു.  കടാങ്കോട് നുറുൽ ഇസ്ലാം മദ്രസ കമ്മിറ്റി, മഹല്ല് കമ്മിറ്റിയിൽ ലയിക്കുകയും പ്രസ്തുത കമ്മിറ്റിയുടെ സ്ഥാപനങ്ങളും വരുമാനങ്ങളും സ്വാഭാവികമായും ജമാഅത്ത് കമ്മിറ്റിയിൽ ചേരുകയും ചെയ്തു. സമകാലിക മഹല്ല് ചരിത്രത്തിൽ താഴെ പറയുന്നവരുടെ പേരും കൂടി ചേർത്താൽ മാത്രമേ പള്ളി ചരിത്രം പൂർത്തിയാവുകയുള്ളൂ. മർഹൂം പികെ മുഹമ്മദ് കുഞ്ഞി  മർഹൂം മൊ

യിലാറയിൽ മൊയ്തീൻ നമ്മുടെ മുതവല്ലിമാരായിരുന്ന മർഹൂം പി കെ മായൻ ,മർഹൂം ആയങ്കീൽ ആദം കുട്ടി, മർഹൂം മൊയിലാറയിൽ മമ്മദ്, പീടിയക്കി മർഹൂം ഖാദർ എന്നിവരുടെയും ഉമറാക്കളായ പള്ളിക്കി മർഹൂം കമാൽ കുട്ടി, മർഹൂം പനക്കട കമാൽ, ഇന്ന് ജീവിക്കുന്നവരായ എൻ എം അസീസ് , കെ കുഞ്ഞിമാമു മാസ്റ്റർ , വികെ മൂസ്സക്കുട്ടി., എ കമാൽ , എൻ എം അബ്ദുൽ ഖാദർ, വി പി മുഹമ്മദ് കുട്ടി ഹാജി, സാവാൻ ഹാജി എന്നിവരുടെ ത്യാഗോജ്ജ്വലമായ പ്രവർത്തനവും പള്ളി പരിപാലകനായ നാരാങ്കല്ലി മമ്മുഞ്ഞി, ഓഫീസ് സെക്രട്ടറി കേളോത്ത് അബ്ദുള്ള എന്നിവരുടെ പ്രവർത്തനവും എടുത്തു പറയേ താണ്.

നമ്മുടെ നാട്ടിൽ ദീർഘകാലമായി ഖതീബായി സേവനമനുഷ്ഠിച്ച മഹല്ല് പ്രവർത്തനത്തിൽ നിത്യ സാനിധ്യമായി തീർന്നിരിക്കുന്ന മർഹൂം എ.എൻ.കമാൽ മുസ്ലിയാരെയും ഇവിടെ പ്രത്യേകം സ്മരിക്കുന്നു. കടാങ്കോട് ആസ്ഥാനമായി reg.no. 465/93 ൽ രജിസ്റ്റർ ചെയ്ത കടാങ്കോട് കുന്നത്ത് ജമാഅത്ത് കമ്മിറ്റിക്ക് കീഴിൽ കടാങ്കോട്, പള്ളിപ്രം എന്നീ പ്രദേശത്ത് മൂന്ന് ജുമുഅത്ത് പള്ളികളും പള്ളിപ്രം, കരിക്കങ്കി, ചാലിൽ മൊട്ട എന്നിവടങ്ങളിൽ ഓരോ സറാമ്പി പള്ളികളും ഒരോ സെക്കറി, ഹയർ സെക്കറി മദ്രസകളും ഉ്. ചാലിൽ മൊട്ടയിൽ ഒരു വ്യകതിയുടെ സ്വന്തം ചിലവിൽ വിശാലമായ ഒരു മദ്രസ്സയുടെ പണി പുരോഗമിക്കുന്നു. അല്ലാഹു സ്വീകരിക്കട്ടെ (ആമീൻ)

കടാങ്കോട് മഹല്ലിൽ മഹല്ല് നിവാസികൾക്കായി വിശാലമായ ഖബർസ്ഥാനം ഉ്. വരുമാനത്തിനായി ക്വാർട്ടേർസ് , പീടിക മുറി, മറ്റു ജംഗമ സ്വത്തുക്കൾ എന്നിവയും ഉപയോഗപ്പെടുത്തുന്നു. മണലാരുണ്യത്തിൽ അബൂദാബി, റിയാദ്, എന്നിവിടങ്ങളിൽ ഊർജ്ജസ്വലമായി പ്രവർത്തിക്കുന്ന ഗൾഫ് കമ്മിറ്റികളുടെ മെമ്പർമാരുടെയും നാട്ടിലെയും മറുനാട്ടിലെയും ദീനി പ്രവർത്തകരുടെയും ദീർഘായുസ്സിന് വേി പ്രാർത്ഥിച്ചു കൊ് വരും കാല സമൂഹത്തിനായി ഈ ചരിത്രം സമർപ്പിക്കുന്നു.

## മഹല്ലിലെ പാരമ്പര്യ ആചാരങ്ങൾ

കടാങ്കോട് മഖാം ശരീഫ് കേന്ദ്രീകരിച്ച് ആു നേർച്ച , പള്ളി നേർച്ച എന്നിവയ്ക്ക് പുറമെ പള്ളി കേന്ദ്രീകരിച്ച് കൊ് എല്ലാ ചന്ദ്രമാസം 12ാം രാവും അസ്മാഅ് റാത്തീബ് ചൊല്ലി വരുന്നു. നമ്മുടെ നാടിനെ പലതരത്തിലുള്ള വിഷമങ്ങളും, രോഗങ്ങളുമായി അലട്ടിയപ്പോൾ പൂർവ്വികർ തുടങ്ങി വെച്ചതായിരുന്നു ഇത്. എല്ലാ മാസവും അവസാനത്തെ വ്യാഴായ്ച ഇശാഅ് നമസ്കാരാനന്തരം ദിഖ്റ് ഹല്ഖയും, മജ്ലിസുന്നൂർ ആത്മീയ സദസ്സും നടന്നു വരുന്നു. റബീഉൽ അവ്വൽ ഒന്നു മുതൽ പന്ത്ര് വരെ പള്ളികളിൽ നിന്നും, വീടുകളിൽ നിന്നും , മദ്രസയിൽ നിന്നും മൗലിദ് പാരായണവും, പന്ത്രിന് പള്ളിയിൽ വെച്ച് മൗതലിദും പ്രത്യേകം ദുആയും അന്നദാനവും നടന്ന് വരുന്നു. പ്രാവാചക സ്മരണയിലുള്ള പ്രഭാഷണവും, കുട്ടികളുടെ വൈജ്ഞാനിക-മദ്ഹ് പരിപാടികളും നടക്കുന്നു.

റബീഉൽ ആഖിർ പതിനൊന്നിന് ശൈഖ് അബ്ദുൽ ഖാദർ ജീലാനി (റ) അവർകളുടെ ആ് നേർച്ചയും , ജമാദുൽ അവ്വൽ 22ന് ശൈഖ് രിഫാഈ (റ) തങ്ങളുടെ ആ് നേർച്ചയും , റജബ് ആറിന് അജ്മീർ ശൈഖ് മുഈനുദ്ധീൻ ചിശ്തി (റ)വിന്റെ ആു

നേർച്ചയും, റംസാൻ പതിനേഴിന് ബദർ ശുഹദാക്കളുടെ ആു നേർച്ചയും പൂർവ്വ കാലം മുതൽ ഇന്നും തുടരുന്നു. ആഴ്ച്ചയിലെ ഖുർആൻ ക്ലാസ്സും എടുത്തുപറയതാണ്.

എല്ലാ ദിവസവും ഇശാഅ് നമസ്കാരാനന്തരം ഹദ്ധാദ് റാത്തീബും നടന്ന് വരുന്നു.

ദർസ് പഠനം കടാങ്കോടിൽ സുഖലോലുപതയിലും ആധുനികതയുടെ ഉപോൽപന്നമായ ജീർണ്ണതയിലും ദുർമാർക്ഷത്തിലും മുഴുകിക്കൊിരുന്ന സമാകാലിക യുവത, ഭൗതികതയുടെ അതി പ്രസരത്തിൽ സ്നേഹത്തിനും സാഹോദര്യത്തിനും വിലകൽപ്പിക്കാതെ സർവ്വോപരി , മാനവികതയുടെ അത്യന്തിക ലക്ഷ്യമായ പാരത്രിക മോക്ഷം മറന്നു പോകുന്ന ഇന്നിന്റെ സമൂഹത്തിന് ചെറു പ്രായത്തിൽ ലഭിക്കുന്ന അറിവുകൾ മാത്രം പോര എന്നത് നിരന്തരമായ മതപഠനം വേണമെന്ന ആശയത്തിലേക്കാണ് നമ്മെ കൊ ു ത്തി ക്കു ന്ന ത്.

ഇവിടെയാണ് ദർസ് പഠനത്തിന്റെ അനിവാര്യത ബോധ്യമാകുന്നത്. പ്രവാചകന്റെ കാലഘട്ടത്തിൽ പ്രായ-ജോലി വ്യത്യാസമില്ലാതെയാണ് മതപഠനം നടത്തിയിരുന്നതെന്ന് ചരിത്ര താളുകളിൽ കാണാം. പൂർവ്വിക കാലത്തു തന്നെ നമ്മുടെ നാട്ടിൽ ദർസ് പഠനം നടന്നതായി കാണുന്നു. പ്രാഥമിക പഠനം പലയോത്തിൽ ആരംഭിക്കുന്നു.

പിന്നീട് ഖുർആൻ വായിക്കാൻ പഠിക്കുകയും ദർസ് പഠനത്തിന് ആരംഭം കുറിക്കുകയും ചെയ്തു. മാതാപിതാക്കൾ സദാ സമയവും കുട്ടികളുടെ മതപഠനത്തിൽ ശ്രദ്ധ വെച്ചിരുന്നു. അമ്മ ജുസ്അ്, യാസീൻ തുടങ്ങി ഓരോ സൂറത്തും ജുസ്അും പൂർത്തിയാക്കുമ്പോൾ ഉസ്താദുമാർക്ക് ഉമ്മമാർ അപ്പം ചുട്ടു കൊടുക്കുകയും ദക്ഷിണ കൊടുക്കുകയും ചെയ്തിരുന്നു. പ്രധാനമായും ദർസുകളിൽ മുതഫരിദ്, നൂറുൽ അബ്സ്വാർ അടങ്ങിയ പത്തു കിതാബും ആയിരുന്നു പഠിപ്പിച്ചിരുന്നത്.

എന്നാൽ ഫത്ഹുൽ മൂഈനും ഒരു പാഠ്യഗ്രന്ഥമായിരുന്നു. വ്യവസ്ഥാപിതമായ രീതിയിൽ ദർസ് നമ്മുടെ നാട്ടിൽ നടത്തി തുടങ്ങിയത് മർഹൂം പടിക്കൽ കമാൽ മസ്ല്യാർ (റ) അവർകളായിരുന്നുവെന്ന് പ്രായം ചെന്നവരിൽ നിന്നും മനസ്സിലായി. ദർസിന്റെ ആരംഭ കാലഘട്ടത്തിൽ നമ്മുടെ നാടിന്റെ പുറത്തു നിന്നും മുതഅല്ലിം കുട്ടികൾ ദർസിലുായിരുന്നില്ല. പ്രവാചകന്റെ കാലത്തെ മതപഠനത്തെ ഓർമിപ്പിക്കുമാറ് പ്രായ ജോലി വ്യത്യാസമില്ലാതെ കുട്ടികളുടെ ഒന്നാം ദർസിന് ശേഷം ഭക്ഷണത്തിന് ശേഷം രാം ദർസും നമ്മുടെ നാട്ടിൽ ഉായിരുന്നു.

****

# വാരം മാപ്പിള എൽ പി സ്കൂൾ ചരിത്രവും വികാസവും

പ്രദേശവാസികളുടെ വിദ്യാഭ്യാസ ഉന്നമനം ലക്ഷ്യമാക്കി ഭരണകർത്താക്കൾ കൊ ുവന്ന സ്ഥാപനങ്ങളാണ് മാപ്പിള സ്കൂളുകൾ. വാരം മാപ്പിള എൽ പി സ്കൂളിന്റെ ച രിത്രം ആരംഭിക്കുന്നത് ലഭ്യമായ അറിവ് അനുസരിച്ച് 1925 ലാണ്. ഈ സ്ഥാപനം നില വിൽ വന്നത് നമ്മുടെ മഹല്ലിന്റെ പള്ളി ക്വാട്ടേഴ്സ് സ്ഥിതിചെയ്യുന്ന സകൂൾ പറമ്പിൽ പൂ ന്തോട്ടത്തിൽ നാരായണൻ നമ്പ്യാരുടെ ഉടമസ്ഥതയിലായിരുന്നു.



പിന്നീട് 1944-ൽ ദാമോദരൻ നമ്പ്യാരിൽ നി ന്ന് നമ്മുടെ കാരണവന്മാർ മഹല്ലിന്റെ വി ദ്യാഭ്യാസ ഉന്നതിക്ക് വേി പകുതി അവ കാശം വാങ്ങിച്ചു. മർഹൂം നാരാങ്കല്ലി കുരി ക്കളച്ചാലിൽ സാവാൻ കുട്ടിയായിരുന്നു ഏ റ്റുവാങ്ങിയത്. 1958-ൽ മാനേജരായ പൂന്തോ ട്ടത്തിൽ നാരായണൻ നമ്പ്യാരിൽ നിന്ന് 800 രൂപയ്ക്ക് നൂറുൽ ഇസ്ലാം മദ്രസ്സാ കമ്മിറ്റി ക്കു വേി മർഹൂം നാരാങ്കല്ലിൽ കുരിക്ക ള ചാലിൽ മൊയ്തീൻ കുട്ടി പൂർണ്ണമായും വിദ്യാലയത്തിന്റെ അവകാശം ഏറ്റു വാങ്ങി. പിന്നീട് മാനേജർ കൈകാര്യകർത്താക്കളായി. മർഹൂം കേളോത്ത് പക്കർഹാജി, പള്ളിക്ക ി കമാൽകുട്ടി, മർഹൂം പള്ളിക്കുളത്തിന്റവിട മുഹമ്മദ് കുഞ്ഞി, പനക്കട കമാൽ എന്നി വരായിരുന്നു മാനേജരായി പ്രവർത്തിച്ചിരുന്നത്. ഇപ്പോൾ കമ്മിറ്റിയുടെ കീഴിൽതന്നെ മാനേ ജരായി എ മുഹമ്മദ് അശ്റഫ് പ്രവർത്തിക്കുന്നു. കെ കുഞ്ഞിമാമു മാസ്റ്ററുടെ പങ്ക് മത ഭൗതിക വിദ്യാഭ്യാസ മേഖലയിൽ നിസ്തുലമാണ്. രാഷ്ട്രീയ സാമൂഹീക രംഗത്ത് പ്രവർ ത്തിച്ച അദ്ദേഹം പത്ത് വർഷക്കാലം മദ്രസയിലും 35 വർഷക്കാലം സ്കുളിലും അധ്യപനം നടത്തിയിട്ടു്.നമ്മുടെ നാടിന്റെ ഭൗതിക വിദ്യാഭ്യാസത്തിന് അടിത്തറ പാകുവാൻ ഈ വിദ്യാലത്തിന് സാധിച്ചിട്ടു്. പലനിയമപ്രശനങ്ങളും പ്രതിസന്ധികളും ഉായിട്ടും അ ഞ്ചാം ക്ലാസ് വരെയുള്ള ലോവർ പ്രൈമറി സ്കൂളുമായി നിൽക്കുന്നു.

വർത്തമാനകാല ചരിത്രത്തിലേക്ക് ഒന്ന് കണ്ണോടിച്ചാൽ വ്യത്യസ്തത പുലർത്തു ന്നതായി കാണാം. അക്കാദമി പാരാ അക്കാഡമി പ്രവർത്തനങ്ങൾ വിലയിരുത്തി ചേലോ റ പഞ്ചായത്തിലെ മികച്ച വിദ്യാലയമായി തെരഞ്ഞെടുത്തിട്ടു്. കലാ പ്രകടനങ്ങൾക്കും ഒട്ടും പിന്നിലല്ല. സബ്ജില്ലയിൽ ഒട്ടനവധി പ്രാവശ്യം ഈ വിദ്യാലയം കലാ മേളകളിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കിയിട്ടു്. 2019-ലെ കണ്ണൂർ ജില്ലയിലെ മികച്ച വി ദ്യാലയത്തിനുള്ള അവാർഡും ക്യാഷ് പ്രൈസും വിദ്യാലയത്തിന് ലഭിച്ചിട്ടു്. കടാങ്കോ ട് നൂറുൽ ഇസ്ലാം മദ്രസാ കമ്മിറ്റി മഹല്ല് ജമാഅത്ത് കമ്മിറ്റിയിൽ ലയിച്ചതോടുകൂടി സ്ഥാ പനത്തിന്റെ പൂർണമായ അവകാശം മഹല്ല് കമ്മിറ്റി ഏറ്റെടുത്തു.

# വാരം ശ്രീ ശാസ്താം കോട്ടം ശിവക്ഷേത്രം

വാരത്തെ ഏറ്റവും പൗരാണികമായ ക്ഷേത്രമാണ് വാരം ശ്രീ ശാസ്താംകോട്ടം ശിവക്ഷേത്രം. ധർമ്മപാചകനായ ശ്രീ ധർമ്മശാസ്താവിന് പ്രാമുഖ്യമുള്ള ഈ ക്ഷേത്രം ശനീശ്വര പൂജക്ക് വളരെ പ്രാധാന്യം കൽപ്പിക്കപ്പെടുന്ന ഒന്നാണ്. ശിവന് പുറമെ ശാസ്ത്രാവും ഗണപതിയും ഭദ്രകാളിയും ഇവിടെ ആരാധിക്കപ്പെടുന്നു. ശിവരാത്രി ഉത്സവം, കൊടിയേറ്റ ഉത്സവം, നവരാത്രി ഉത്സവം വിനായക ചതുർത്ഥി മണ്ഡലകാല ഉത്സവം എന്നിവ വളരെ പ്രാധാന്യത്തോടെ ആഘോഷിക്കപ്പെടുന്നു.

ശേഖരഇല്ലത്തിന്റെ ഊരാൺമയിലുള്ള ഈ ക്ഷേത്രം ഏകദേശം 40 കൊല്ലത്തോളമായി പ്രദേശവാസികൾ ഉൾപ്പെട്ട കമ്മിറ്റിയുടെ അധീനതയിലാണ്. നിലവിൽ കെ.സുകുമാരൻ പ്രസിഡും പി.സി.രാമകൃഷ്ണൻ സെക്രട്ടറിയുമായ കമ്മിറ്റിയാണ് ഇപ്പോൾ ഭരണം നടത്തുന്നത്.

ഐതിഹ്യസമ്പന്നമായ ഈ ക്ഷേത്രത്തിന് നാട്ടുമുഖ്യസ്ഥം വഹിച്ച ഒരു പാരമ്പര്യമു്. തെറ്റ് ചെയ്തവർക്ക് ശിക്ഷ വിധിച്ചിരുന്ന ഒരു കേന്ദ്രമായിരുന്നു അത്. പ്രതിസ്ഥാനത്തു ചേർക്കപ്പെട്ടയാൾ കുളിച്ച് ഈറനോടെ ക്ഷേത്രനടയിൽ പ്രാർത്ഥിച്ച് വാരം പുഴയിൽ പോയി മുങ്ങി സത്യം തെളിയിക്കണമായിരുന്നു. അപരാധിയാണെങ്കിൽ വാരം പുഴയിൽ ഉായിരുന്ന മുതലകൾ കൊന്നുകളയുമായിരുന്നുവത്രെ. കേരളത്തിലെ പല ക്ഷേത്രങ്ങളിലും ഉള്ള കൈമുക്ക് (തിളച്ച വെളിച്ചെണ്ണയിൽ കൈമുക്കി സത്യം തെളിയിക്കുന്ന സമ്പ്രദായം) സമ്പ്രദായം പോലെ ഒന്നായിരുന്നു ഇത്.

ഭൂതകാല പാരമ്പര്യം ഐശ്വര്യത്തിന്റേയും സമ്പൽസമൃദ്ധിയുടേതുമായിരുന്നെങ്കിലും കാലക്രമേണ ക്ഷേത്രംജീർണ്ണിക്കുകയും തറമാത്രം ബാക്കിയായി നശിക്കുകയും ചെയ്തു. പിന്നീട് ദേശവാസികളുടെ പരിശ്രമ ഫലമായാണ് ഇന്ന് നാം കാണുന്ന പ്രൗഢിയോടെ ക്ഷേത്രം നിലനിൽക്കുന്നത്.

3 തിടമ്പ് നൃത്തം അരങ്ങേറുന്ന മലബാറിലെ ഏക ക്ഷേത്രമാണ് വാരം ശ്രീ ശാസ്താം കോട്ടം ശിവക്ഷേത്രം.

ആദ്ധ്യാത്മിക വിദ്യാഭ്യാസത്തിനും കലാസാംസ്കാരിക പ്രവർത്തനങ്ങൾക്കും



ഊന്നൽ കൊടുക്കുന്ന ഈ ക്ഷേത്രത്തിൽ ശ്രീമദ് ഭഗവദ്ഗീതാ ക്ലാസ്, ചെമേളം ക്ലാസ് തുടങ്ങിയവ നടത്തുന്നു്. 2020 ഏപ്രിൽ മുതൽ 25 വരെ 18 ദിവസം നീുനിൽക്കുന്ന ശിവപുരാണജ്ഞാന യജ്ഞ മഹാസത്രത്തിന്റെ തയ്യാറെടുപ്പിലാണ് ക്ഷേത്രകമ്മിറ്റി.

# പൊലുപ്പിൽ ശ്രീ ഭഗവതി ക്ഷേത്രം

പൊലുപ്പിൽ കാവ് എന്ന പേരിൽ പ്രശസ്തമായ ഈ ആരാധനാലയം തീയ്യ സമുദായക്കാരായ കോങ്ങാടൻ, ചെറിയാാി, പൊലുപ്പിൽ എന്നീ തറവാട്ടുകാരുടെ ആരാധനാലയമാണെങ്കിലും ഇന്ന് ദേശവാസികളുടെയെല്ലാം ആരാധനാലയമായി മാറിയിട്ടു്. വളപട്ടണം കിഴക്കിപ്പുറമുള്ള പുതിയ ഭഗവതിക്കാവുകളിൽ ആശ്രമസ്ഥാനം വഹിക്കുന്ന ഈ ആരാധനാലയം ഉ്. മുൻകാലങ്ങളിൽ മഞ്ഞത്താലപ്പൊലി എന്ന ഒരു ഉത്സവം കൂറുംബഭഗവതിക്കായി നടത്തി വരാറു്. ഇവിടെ പുതിയ ഭഗവതി തായ്പരദേവത (വലിയ തമ്പുരാട്ടി, വീരൻ, വീരാളി, ഭദ്രകാളി, ഗുളികൻ എന്നീ തയ്യക്കോലങ്ങൾ കെട്ടി ആരാധിക്കപ്പെടുന്നു. വണ്ണാൻ മലയൻ, എന്നീ സമുദായക്കാരാണ് കോലധാരികൾ.

പാറയിൽ പുതുശ്ശേരി ചാത്തോത്ത് ഈന്തുംകുറ്റി ആധാരമായി കൈയെടുത്തതിന്റെ ശേഷമാണ് ഈ ദൈവസാന്നിദ്ധ്യങ്ങൾ പൊലുപ്പിൽ കാവിലേക്ക് കുടിയേറിയതെന്ന് കാവിലെ തെയ്യത്തിന്റെ വാചാലുകൾ സൂചിപ്പിക്കുന്നു. ഈ കാവിന്റെ മേലായി സ്ഥാനം ഈ തറവാട്ടുകാർക്കാണ്.






പഴയ കാലത്ത് ധാരാളം മരങ്ങളാൽ സമ്പുഷ്ടമായ ഈ പ്രദേശം കാവ് എന്ന നാമത്തെ അന്വർത്ഥമാക്കിയിരുന്നു. കാലക്രമേണ ഈ പ്രദേശത്തെ കാവുകൾ അപ്രത്യക്ഷമായി. എന്നാലും പഴയകാല വൃക്ഷസമ്പന്നതയുടെ പ്രൗഢി വിളിച്ചോതി കൊ് വലിയൊരു ആൽമരം കാവിനു മുന്നിലായി സ്ഥിതി ചെയ്യുന്നു.

ഉത്സവവേളകളിലും മറ്റു ആരാധനാ വേളയിലും മാത്രമേ കഴകപ്പുരയിൽ സൂക്ഷിക്കുന്ന വിഗ്രഹവും മറ്റും കാവിൽ എത്തിക്കാറു

ള്ളൂ. അതുകൊ് തന്നെ ക്ഷേത്രങ്ങളിൽ നിന്നു വ്യത്യസ്തമായി കാവിൽ കയറൽ എന്ന ചടങ്ങു നടക്കാറു്.

പരിസര വാസികളിൽ ആരാധനാ മനോഭാവത്തോടൊപ്പം ഭയവും നിറയുന്നതാണ് ഇവിടുത്തെ ഐതിഹ്യങ്ങൾ.

മരക്കലം വഴി കടവുകടന്നെത്തിയവരാണ് ഈ ദേവതമാരെന്ന് തെളിയിക്കുന്നതിനായി കടവൻ എന്ന് വിളിപ്പേരുള്ള ഒരു തറവാട്ടംഗം ഇപ്പോഴും കാവിലെത്തി വീരൻ തെയ്യത്തിന്റെ കൂടെ നൃത്തം ചെയ്യാറു്. അവർക്ക് അടർത്തിമാറ്റാൻ പറ്റാത്ത ഒരു അവകാശം ഇവിടെയു്.

പ്രദേശവാസികളായ എല്ലാ സമുദായങ്ങൾക്ക് ഈ കാവ് പരിപാലനത്തിൽ അവകാശങ്ങളു്.

ഇവിടെ 'പുലയരടി' എന്ന ഒരു ആചാരം നടന്നു വന്നിരുന്നു. വാരത്തെ പ്രശസ്ത പുലയ തറവാട്ടംഗങ്ങൾ അതിൽ പങ്കെടുത്തിരുന്നു. അതിന്റെ സ്ഥാനം നിർണ്ണയിക്കുന്ന ഒരു തറ ഇപ്പോഴും ഈ പറമ്പിലു്.

ഐതിഹ്യങ്ങളും മിത്തുകളും സമ്പന്നമാക്കിയിരുന്ന പൂർവ്വകാല സ്മൃതികളോടൊപ്പം വർത്തമാനകാല ഉത്സവപൊലിമകളോടൊപ്പം വർത്തമാനകാല ഉത്സവപൊലിമയും ഈ കാവിൽ നിറഞ്ഞു ഐശ്യര്യമാകുന്ന എന്ന പേര് അന്വർത്ഥമാകുന്നു.



# വാരം വിശ്വകർമ്മക്ഷേത്രം



വാരം പ്രദേശത്തെ വിശ്വകർമ്മജ്ഞരായ ആളുകളുടെ ആരാധനാലയമാണ് ആശാരിക്കാവ് എന്ന തരത്തിൽ പ്രശസ്തമായ ഈ ആരാധനാലയം. ഊർപ്പഴശ്ശി, വേട്ടക്കൊരുമകൻ, കുഞ്ഞാർകുംത്തി, പൊട്ടൻ ദൈവം, ചോന്നമ്മ, തായ്പരദേവത, ധർമ്മദൈവം തുടങ്ങിയ ദൈവക്കോലങ്ങൾ കെട്ടിയാടുന്നു. തെയ്യം കെട്ടിയാടാൻ അധികാരമുള്ള വണ്ണാൻ, മലയൻ, വേലൻ എന്നീ സമുദായങ്ങൾ ഇവിടെ തെയ്യം കെട്ടാറുു്.

വാരം ശ്രീ ശാസ്താംകോട്ടം ശിവക്ഷേത്രനിർമ്മാണത്തിന് ഈ പ്രദേശത്തേക്ക് കൊ് വന്ന് പാർപ്പിച്ച ആശാരിമാരുടെ കുടുംബങ്ങൾക്ക് പിന്നീട് ആരാധനാ സൗകര്യങ്ങളും മറ്റും നൽകുകയായിരുന്നത്രേ. ജനുവരി 24,25,26 തീയ്യതികളിലായിട്ടാണ് ഇവിടുത്തെ തിറ നടന്നു വരുന്നത്.

വളരെയധികം പ്രൗഢിയോടെ നിലനിന്നു വരുന്ന ഈ ദേവസ്ഥാനം തച്ചുശാസ്ത്രവിധി പ്രകാരം തന്നെ ശില്പങ്ങൾകൊും മറ്റും അലങ്കരിച്ച് ഭംഗിയായി സൂക്ഷിക്കുന്നു എന്നത് വിശ്വകർമ്മജ്ഞരുടെ പാരമ്പര്യ കലാപ്രവർത്തനങ്ങളെ സാക്ഷ്യപ്പെടുത്തുന്നു. നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഒഴിച്ച് കൂടാനാവാത്ത സേവനം നൽകുന്ന ഈ കൂട്ടായ്മയുടെ ആരാധനാലയം എന്ന നിലക്ക് മാത്രം ഒറ്റപ്പെടുന്നില്ല. ഈ കാവ് പരിസരവാസികളുടെ സഹായ സഹകരണങ്ങൾ ഈ ദേവാലയത്തിന് ലഭിക്കുന്നു.

വളരെയേറെ പഴക്കമുള്ള ഒരു പക്ഷെ വാരം പ്രദേശത്തെ ഏറ്റവും പഴക്കമുള്ള ഒരു ഇലഞ്ഞിവൃക്ഷം ഈ കാവിന്റെ മുന്നിൽ സ്ഥിതി ചെയ്യുന്നു.

കാവുള്ള പുരയിൽ എന്ന പേരിലുള്ള തറവാട്ടംഗങ്ങളാണ് ഇവിടെ കർമ്മം ചെയ്യുന്നത്. നിലവിൽ പ്രമോദ്.കെ.പി പ്രസിഡും ഷൈജു കെ.പി. സെക്രട്ടറിയുമായിട്ടുള്ള ഭരണസമിതിയാണ് കാര്യങ്ങൾ നിർവ്വഹിച്ചു വരുന്നത്.





# കടാങ്കോട് കുന്നത്ത് മഖാം ശരീഫ്



ഇസ്ലാമിക പ്രബോധന രംഗത്തെ ഔലിയാക്കളുടെ സാന്നിദ്ധ്യം നിസ്തുലമാണ്. കേരളക്കരയിൽ എണ്ണമറ്റ ഔലിയാക്കൾ ഇസ്ലാമിന്റെ ആവിർഭാവ കാല ഘട്ടത്തിൽ തന്നെ വിവിധ സ്ഥലങ്ങളിൽ പ്രബോധനത്തിനെത്തുകയും അവിടം വഫാത്താവുകയും, ഖബറടക്കപ്പെടുകയും ചെയ്തതായി ചരിത്ര രേഖകളിൽ കാണാൻ സാധിക്കും.

നമ്മുടെ നാട്ടിൽ വിശാലമായ പള്ളിക്കാടിൽ മറവിട്ടു കിടക്കുന്ന ര് ഔലിയാക്കൾ ഈ പ്രദേശത്തെ ധന്യമാക്കുന്നു. നാടിന്റെ ക്ഷേമ ഐശ്വര്യ-ആരോഗ്യ രംഗങ്ങളിൽ അവരുടെ അനുഗ്രഹം മറച്ചുവെക്കാവുന്നതല്ലെന്ന് പഴമക്കാരിൽ നിന്നും പാരമ്പര്യ അനുഷ്ഠാനങ്ങളുടെ ഉൾപൊരുളിൽ നിന്നും തർക്കമില്ലാതെ തെളിഞ്ഞിട്ടു്.

സ്വഹാബത്തിന്റെ കാലത്തു തന്നെ പായകപ്പലിൽ മഹാന്മാർ ഇവിടെയെത്തി പ്രബോധനത്തിനിടയിൽ അന്ത്യയാത്രയായി മറമാടപ്പെട്ടതാണെന്ന് ഇവിടം സന്ദർശിച്ച വലിയ്യുള്ളാഹി അന്ത്രുപ്പാപ്പയെ പോലുള്ളവരുടെ വാക്കും പരിസ്ഥിതിയും തെളിയിക്കുന്നു.

വർഷങ്ങൾക്ക് മുമ്പ് അസാധാരണ സ്വാഭാവത്തിൽ ര് ഖബറുകൾ കാണാനിടയാവുകയും ഉത്തരവാദപ്പെട്ടവരുടെ ശ്രദ്ധയിൽ പെടുത്തുകയും ചെയ്തു. കാലക്രമേണ സിയാറത്തിനും മറ്റുമായി ആളുകൾ കൂടി വന്നപ്പോൾ അവരുടെ സൗകര്യത്തിന് വേി ഒരെടുപ്പിന്റെ കാര്യം ആലോചിക്കുകയും അന്നത്തെ കൈകാര്യ കർത്താവായിരുന്ന മർഹും മൊയ്തീൻ കുട്ടി മുസ്ലിയാർ, ഔലിയാക്കളിൽ പെട്ട മർഹൂം അഹമ്മദ് ശാലിയാത്തിയുടെ പിതാവായ മർഹൂം ശൈഖ് ഇമാമുദ്ധീൻ അലി എന്ന കുഞ്ഞിമൊയ്തീൻ മുസ്ലിയാരെ സമീപിക്കുകയും മഹാനവർകൾ പ്രസ്തുത ഖബറിനടുത്ത് മൂന്ന് ദിവസം താമസിച്ച് ഈ ഖബറുകൾ ഒരെടുപ്പിനുള്ളിലാക്കി സിയാറത്ത് ചെയ്യുന്നവർക്ക് സൗകര്യമാക്കിക്കൊടുക്കുക എന്ന് നിർദ്ദേശിച്ച് തിരിച്ച് പോയെന്ന് പൂർവ്വികർ സാക്ഷ്യപ്പെടുത്തുന്നു.

തുടർന്നും സന്ദർശകർ കൂടി വന്നു. ഉദ്ദേശ്യ പൂർത്തീകരണത്തിനും വൈഷമ്യ പരിഹാരത്തിനും രോഗശമനത്തിനും മറ്റുമായി നാട്ടിലെയും പരിസരങ്ങളിലെയും ആളുകൾ ഇവിടെ സന്ദർശിക്കുകയും ഉദ്ദേശ പൂർത്തീകരണം സാധിച്ചു വരുകയും ചെയ്തു പോന്നു.

നാടാകെ വസൂരി എന്ന മാരക പകർച്ച വ്യാധി പിടികൂടുകയും നിരവധി പേർ മരി

ക്കാൻ ഇടയാവുകയും ചെയ്തപ്പോൾ അന്നത്തെ കൈകാര്യ കർത്താവ് മഹല്ല് നിവാസികളെ കൊു ഒരു ലക്ഷത്തി ഇരുപത്തിനാലായിരം ഇഖ്ലാസ് സൂറത്തും മുന്നൂറ്റിപ്പതിമൂന്ന് യാസീൻ സൂറത്തും ഓതി ഔലിയാക്കളുടെ മേൽ ഹദിയ ചെയ്യുവാനും ഒരാൾ വീതം മുക്കാലും ഒഴക്കരിയും കൊു വന്ന് അവിടെ വെച്ച് അന്നദാനം നടത്തുവാനും എല്ലാവർക്കും ആു നേർച്ച എന്ന പേരിൽ ഇപ്രകാരം കൊാടാനും നേർച്ച വെക്കുകയും ചെയ്തതോടെ എല്ലാ വ്യാധികളും നാട്ടിൽ നിന്നും നീങ്ങുകയുായി. ഇത് മഹാന്മാരായ ഔലിയാക്കളുടെ കറാമത്തുകളിൽ ഒന്നുമാത്രം. അവരുടെ ബർക്കത്തു കൊ് എക്കാലവും നമ്മുടെ നാടിനെ പകർച്ച വ്യാധികളിൽ നിന്നും മറ്റും റബ്ബ് രക്ഷപ്പെടുത്തി തരട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. മേൽ ആ് നേർച്ച ആള് വീതം പത്ത് രൂപയും ഒഴക്ക് അരിയും എന്ന ചെറിയ മാറ്റത്തോടെ ഇന്നും ഭംഗിയായി നടന്നുകൊിരിക്കുന്നു.

കൂട്ടമായി സിയാറത്ത് ചെയ്യുവാനും ഔലിയാക്കളെ മുൻനിർത്തി ദുആ ചെയ്യുവാനും ഒരവസരം ഉാക്കുക എന്ന ഉദ്ദേശത്തോടെ വർഷത്തിൽ ഒരു ദിവസം പള്ളി നേർച്ച എന്ന പേരിൽ പാരമ്പര്യമായി വർഷങ്ങളോളം നടന്നു വരികയും കാലക്രമേണ അത് ര് ദിവസമായും ഇപ്പോൾ നാല് ദിവസമായും നടന്നു കൊിരിക്കുന്നു.

കാലപ്പഴക്കത്താൽ മതിലും മേൽക്കൂരയും മറ്റും നശിക്കാറാവുകയും പുതുക്കിപ്പണിയലാണ് അനിവാര്യമെന്ന പൊതു അഭിപ്രായത്തിൽ പുതിയ കെട്ടിടത്തിന് രൂപം നൽകി. 1995 സെപ്തംബർ 9 ന് വലിയ്യുള്ളാഹി അന്ത്രുപ്പാപ്പ പ്രഗൽഭ പണ്ഡിതരുടെ സാന്നിധ്യത്തിൽ കുറ്റിയടി കർമ്മം നിർവ്വഹിച്ചു. പ്രസ്തുത കെട്ടിടത്തിന്റെ പണി പൂർത്തിയാക്കാൻ 2000 മാർച്ച് 26 ന് സൂഫിവര്യനായ ബഹു.നരിക്കോട് മുഹമ്മദ് മുസ്ലിയാർ ഉദ്ഘാടനം നിർവ്വഹിച്ചു.

മഖാമിന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ മുഖ്യപങ്ക് വഹിച്ച മുൻ ഖജാഞ്ചിയായിരുന്ന മർഹൂം പി.കെ. മുഹമ്മദ് കോയ കുഞ്ഞിയെ പോലുള്ളവരുടെ സേവനം എടുത്ത് പറയേതാണ്. അദ്ദേഹത്തിനും മറ്റ് മൺ മറഞ്ഞ് പോയ മുൻകാല പ്രവർത്തകർക്കും നമുക്കും അള്ളാഹു പൊറുത്ത് തരികയും സൽകർമ്മങ്ങൾക്ക് അർഹമായ പ്രതിഫലം നൽകുകയും ചെയ്യട്ടെ എന്ന് പ്രാർത്ഥിക്കാം. മഖാമിലേക്ക് വരുന്ന സന്ദർശകർക്ക് മെച്ചപ്പെട്ട സൗകര്യം ഒരുക്കുക എന്ന നിലയിൽ നിലവിലുള്ള കമ്മിറ്റി ഉൾഭാഗം സീലിംഗ് ചെയ്യുകയോ പുറംഭാഗം കമ്പിവേലികെട്ടി സുരക്ഷിതമാക്കുകയും ചെയ്തു.

മഖാം ശരീഫ് കൈകാര്യം ചെയ്തിരുന്നത് ഓരോ കാലത്തുമുള്ള മഹല്ല് കർത്താക്കളായിരുന്നു. ഇന്ന് മഹല്ല് ജമാഅത്ത് കമ്മിറ്റിയാണ് കൈകാര്യം ചെയ്യുന്നത്.

റംസാൻ, ശവ്വാൽ മാസപ്പിറവി ദിനത്തിലും ബലി പെരുന്നാൾ ദിനങ്ങളിലും തക്ബീർ ധ്വനികളുടെ അകമ്പടിയോടെ നടക്കുന്ന കൂട്ട സിയാറത്തുകൾ വിശ്വാസികൾക്ക് ഈമാനികാവേശം ഉാക്കുന്നു. അവരെ സ്നേഹിച്ച് അവരുടെ സ്നേഹം പറ്റി റബ്ബിന്റെ പ്രീതി കരസ്ഥമാക്കിയവരിൽ നമ്മെ ഉൾപ്പെടുത്തി അനുഗ്രഹിക്കട്ടെ (ആമീൻ)

# അന്നത്തെ കല്യാണം

വാണിയ സമുദായത്തിലെ കാരണവർ ക് ഇഷ്ടപ്പെട്ട ചെറുക്കനെയാണ് പെണ്ണ് കല്യാണം കഴിക്കേത്. കല്യാണ ദിവസമാണ് പെണ്ണ് ചെറുക്കനെ കാണുന്നത്. കല്യാണപ്പന്തൽ ഉാവില്ല, വീടിന്റെ പടിഞ്ഞിറ്റ മുറിയിൽ നിന്ന് പുടവ മുറിക്കൽ ചടങ്ങാണ് നടക്കുക. താലികെട്ടോ മോതിരം മാറലോ ഇല്ല. നാലുമു് ര് കഷ്ണമാക്കി മുറിക്കും. ഒന്ന് പെണ്ണിന്റെ വീട്ടിൽ വയ്ക്കും. ഒന്ന് ചെക്കന്റെ വീട്ടിലേക്ക് കൊുപോകും. ഇതിന് ഇണപ്പുട എന്നു പറയും. ചെക്കന്റെ കൂടെ പെണ്ണിന്റെ വീട്ടിൽ പോകുന്നതിന് 'വെറ്റിലക്കെട്ട് ' എന്നാണ് പറയുക. സൽക്കാരത്തിന് പോകുമ്പോൾ വെറ്റിലയും പുകയിലയും കൊുപോകണം.

രാത്രിയാണ് കല്യാണം ഉാവുക. കല്യാണം കഴിച്ച് ഒഴിവാക്കി വീും കല്യാണം കഴിക്കാനുള്ള അവകാശമു്. രാമത് കല്യാണം കഴിക്കുന്നതിന് വീട്ടുസംബന്ധം എന്നു പറയും. വീട്ടുസംബന്ധമാണെങ്കിൽ ചെറുക്കൻ പെണ്ണിന്റെ വീട്ടിലാണ് താമസിക്കുക. കല്യാണ വീട്ടിൽ ഭക്ഷണം കൊടുക്കാൻ മുറ്റത്ത് പന്തലൊരുക്കും. മെടഞ്ഞ ഓല കൊും ഈന്തോല കൊുമാണ് പന്തൽ കെട്ടുക.

# മാർക്കക്കല്ല്യാണം

കുട്ടികളുടെ ചേലാകർമ്മം നടത്തുന്നതിനാണ് മാർക്കക്കല്ല്യാണം എന്ന് പറയുന്നത്. ആദ്യകാലങ്ങളിൽ ഇത് വളരെ ആഘോഷപൂർവ്വം നടത്തുമായിരുന്നു. കല്യാണം പോലെ തന്നെ ബന്ധുക്കളെയും നാട്ടുകാരെയും പങ്കെടുപ്പിക്കും. നെയ്ച്ചോറും പരിപ്പ് കറിയുമാണ് ഉാവുക. ചേലാകർമ്മം ചെയ്യുന്നയാളെ 'ഒസാൻ' എന്നാണ് വിളിക്കുക.

ചേലാകർമ്മം ചെയ്ത് ഒന്നിടവിട്ട ദിവസങ്ങളിൽ ഒസാൻ വീട്ടിൽ വന്ന് പരിചരിക്കും. സുഖം പ്രാപിച്ചാൽ വെള്ളിയാഴ്ച കൂട്ടി പള്ളിയിൽ പോകും. പുത്തൻ ഉടുപ്പണിഞ്ഞാണ് പോവുക. ഇതും വളരെ പ്രധാനപ്പെട്ട ചടങ്ങാണ്.

# ആ് നേർച്ച

പ് നമ്മുടെ നാട്ടിൽ പകർച്ച വ്യാധി പിടിപെട്ടു. പനിയും വയറിളക്കവും ആണ് വന്നത്. ഇത് കാരണം ഒരുപാട് പേർ മരണപ്പെട്ടു. ചികിത്സിച്ചിട്ടൊന്നും ആർക്കും ഭേദമാവുന്നില്ല. അങ്ങനെ നാട്ടിലെ പ്രമാണിമാർ ഒരു തീരുമാനമെടുത്തു. മഖാമിൽ നേർച്ച വെക്കാനായിരുന്നു അത്. നാട്ടിലെ ഓരോ വ്യക്തിയും ഒഴക്ക് അരിയും ഒരു പൈസയും മഖാമിൽ നൽകാനായിരുന്നു നേർച്ച. അത് കൂടാതെ ഓരോ വ്യക്തിയും കഴിയുന്നത്ര സൂറതുൽ യാസിനും സൂറതുൽ ഇഖ്ലാസും ഓതുകയും സ്വലാത്ത് ചൊല്ലുകയും വേണം. നേർച്ചയുടെ ദിവസം അന്നദാനവും ഉായിരുന്നു. വാരം, വാരം കടവ്, പള്ളിപ്രം എന്നീ സ്ഥലങ്ങളിൽ നിന്നൊക്കെ ആൾക്കാർ നേർച്ചച്ചോറിന് വരുമായിരുന്നു. അതിന് ശേഷം എല്ലാവർഷവും നടന്നുവരുന്നു.

# കൂവ്വം കുത്തുക

സമ്പന്നരായ നെൽകൃഷിക്കാരുടെ ഇടയിലും ജന്മിമാരുടെ ഇടയിലും നിലനിന്നു പോന്ന ഒരു തൊഴിൽ സമ്പ്രദായമാണ് 'കൂവ്വം കുത്തിക്കൽ' എന്നത്. ഒരു നിശ്ചിത അളവു നെല്ലുകുത്തി അരിയാക്കിക്കൊടുത്താൽ അതിന് പ്രതിഫലമായി കണക്കാക്കി അരിയും അതിനൊപ്പം തവിടും നൽകും. അരിമില്ലും മറ്റും ഇല്ലാതിരുന്ന കാലത്ത് സ്ത്രീ തൊഴിലാളി കളെകൊ് നെല്ല് കുത്തിച്ച് അരിയാക്കിയിരുന്നത് ഇങ്ങനെയാണ്. ഇങ്ങനെ നെല്ല് കുത്തി ക്കുന്ന രീതിക്കാണ് കൂവ്വം കുത്തൽ എന്നു പറഞ്ഞിരുന്നത്. ഒരു കാലത്ത് കൂവ്വം കുത്തി ജീവിക്കാൻ നിർബന്ധിതരായ് നിരവധി ദരിദ്ര കുടുംബങ്ങൾ ഇവിടെ ഉായിരുന്നു.

# തൊട്ടുകൂടാത്തവരുടെയും തീക്കൂടാത്തവരുടേയും ലോകം

ഇരുപതാം നൂറ്റാിന്റെ ആദ്യപകുതിയിലെ കേരളത്തിന്റെ സ്ഥിതിയാണ് തിക്കോ ടിയൻ അദ്ദേഹത്തിന്റെ ആത്മകഥയിൽ വിവരിച്ചിരിക്കുന്നത്.

അയിത്ത ജാതിക്കാർക്ക് വിദ്യാലയത്തിൽ പ്രവേശനം നൽകിയിരുന്നു. പക്ഷേ അവരെ മറ്റുള്ള കുട്ടികളിൽ നിന്ന് അകറ്റിയാണ് ഇരുത്തിയിരുന്നത്. അവർ തൊട്ടാൽ ഉയർന്ന ജാതിയിലെ കുട്ടികൾ അശുദ്ധമാകും എന്നായിരുന്നു വിശ്വാസം. അന്നത്തെക്കാ ലത്ത് വിദ്യാർത്ഥികൾക്ക് കഠിനമായ ശിക്ഷ നൽകിയിരുന്നു. കുരിക്കൾ (അദ്ധ്യാപകർ) വടികൊു തൊട്ടാൽപ്പോലും അത് അശുദ്ധി വരുത്തുമെന്നായിരുന്നു വിശ്വാസം. (അ ശുദ്ധിമാറ്റാൻ മുങ്ങിക്കുളിക്കണം). അതുകൊ് വടിയെറിഞ്ഞു കൊുള്ള അടിയാണ് അയിത്തജാതിക്ക് നൽകിയത്.

### ജാതിവ്യവസ്ഥ മൂലമുള്ള പ്രശ്നങ്ങൾ

* തൊട്ടുകൂടായ്മ
* പൊതുവഴിയേ സ്വതന്ത്രമായി നടക്കാൻ സ്വാതന്ത്ര്യമില്ലായ്മ
* വിദ്യാഭ്യാസ രംഗത്തെ അസ്വാതന്ത്ര്യം
* ഒന്നിച്ചിരുന്ന് ആഹാരം കഴിക്കാൻ സ്വാതന്ത്ര്യമില്ലായ്മ
* നാണം മറയ്ക്കാനും വൃത്തിയായി വസ്ത്രം ധരിക്കാനും സ്വാതന്ത്ര്യമില്ലായ്മ.
* ഭാഷയിലെ പല പദങ്ങളും ആശയവിനിമയത്തിന് ഉപയോഗിക്കാൻ സ്വാതന്ത്ര്യമില്ലായ്മ
* ജോലിക്ക് അർഹതയുള്ള കൂലി ലഭിക്കാൻ സ്വാതന്ത്ര്യമില്ലായ്മ
* സ്വന്തം ഭൂമിയിൽ താമസിക്കാനും കൃഷി ചെയ്യാനും സ്വാതന്ത്ര്യമില്ലായ്മന
* ക്ഷേത്രങ്ങളിൽ പ്രവേശിച്ച് ആരാധന നടത്താനുള്ള അസ്വാതന്ത്ര്യം
* കിണറ്റിൽ നിന്നു വെള്ളം കോരാൻ സ്വാതന്ത്ര്യമില്ലായ്മ.

# തെയ്യവും തിറയും

ഉത്തര കേരളത്തിലെ ഒരു അനുഷ്ഠാന നർത്തന കലയാണ് തെയ്യം. ദേവീദേവന്മാരെയും യക്ഷഗന്ധർവാദികളെയും ഭൂതങ്ങളെയും നാഗങ്ങളെയും മൃതിയടഞ്ഞ കാരണവന്മാരേയും മൺമറഞ്ഞ വീരപരാക്രമികളെയും കോലസ്വരൂപമായി കെട്ടിയാടിച്ച് ആരാധിക്കുകയാണ് ഈ ഗ്രാമീണകലയുടെ സവിശേഷത. തെയ്യാട്ടത്തിലും തിറയാട്ടത്തിലും ചലിക്കുകയും സംസാരിക്കുകയും ചെയ്യുന്ന ദൈവങ്ങളെയാണ് കാണുന്നത്. ദൈവം എന്ന പദത്തിന്റെ തൽഭവ രൂപമാണ് തെയ്യം. നൃത്തം ചെയ്യുകയും വർത്തമാനം പറയുകയും ചെയ്യുന്ന ദൈവത്തെയാണ് തെയ്യങ്ങളിൽ കാണുന്നത്. കോഴിക്കോട് സാമൂതിരി രാജവംശത്തിന്റെ ഭരണത്തിൻ കീഴിലായിരുന്ന പ്രദേശങ്ങളിലാണ് തിറയാട്ടങ്ങൾ കൂടുതലായി കാണപ്പെടുന്നത്. കോഴിക്കോടിനു വടക്കുഭാഗത്ത് കണ്ണൂർ, പയ്യന്നൂർ പ്രദേശങ്ങളിൽ ദേവതാരൂപം ധരിച്ച് ആടുന്ന കോലങ്ങളെ തെയ്യങ്ങൾ എന്നു പറയുന്നു. ദൈവങ്ങൾ മാത്രമല്ല യക്ഷഗന്ധർവന്മാരും, മരിച്ചുപോയ കാരണവന്മാരുടേയും വീരശൂര പരാക്രമികളായവരുടേയുമെല്ലാം പേരിൽ തെയ്യങ്ങൾ കെട്ടിയാറാടാറ്റ്. അനുഗ്രഹിക്കാൻ ശക്തിയുള്ളവരാണ് തെയ്യങ്ങൾ എന്നാണ് ഭക്തവിശ്വാസം. തെയ്യം കെട്ടുന്ന ആളിനെ 'കോലക്കാരൻ' എന്നാണ് വിളിക്കുന്നത്. ദൈവത്തിന്റെതെന്നു തോന്നിക്കുന്ന വേഷവും തലയിൽ വലിയ കിരീടവും തെയ്യങ്ങൾക്ക് ഉാവും. മുഖത്ത് വിവിധ നിറങ്ങളിൽ വരച്ച മുഖത്തെഴുത്ത് ഉാകും. മന്ത്രങ്ങൾ, ബലിപൂജാദികൾ, നൃത്തപ്രകടനങ്ങൾ, വെളിച്ചപ്പാട് ആയുധപ്രയോഗം തുടങ്ങിയ പലതും തെയ്യം കെട്ടിയാടലിൽ ഉാകും. ഓരോ തെയ്യത്തെ കുറിച്ചുള്ള വിവരങ്ങളും തോറ്റം പാടലിൽ ഉായിരിക്കും. ദേവതയുടെ ഉത്ഭവം, മാഹാത്മ്യം, രൂപവിശേഷം തുടങ്ങിയവ തോറ്റം പാട്ടിൽ വിവരിച്ചിരിക്കും. വീരപുരുഷന്മാർ കഥാപാത്രങ്ങളായി വരുന്ന തെയ്യങ്ങൾക്ക് വെള്ളാട്ടം എന്ന ചടങ്ങ് ഉായിരിക്കും. വലിയ മൂടിക്കു പകരം ചെറിയ വീടങ്ങളാണ് ഇവയ്ക്ക് ഉായിരിക്കുക. മലയാള മാസം തുലാം മുതൽ ഇടവമാസം വരെയാണ് തെയ്യങ്ങൾ അരങ്ങേറുന്നത്. വണ്ണാൻ, പച്ചാത്തർ, കൊപ്പാളൻ, മുന്നൂറാൻ, അഞ്ഞൂറാൻ തുടങ്ങിയ വിഭാഗങ്ങളാണ് തെയ്യം കെട്ടിയാടുന്നത്.

**കളമെഴുത്ത്**

ഭഗവതി ക്ഷേത്രങ്ങളിലെ ഉത്സവങ്ങളോടനുബന്ധിച്ച് വൃശ്ചികം ഒന്നു മുതൽ ധനു പതിനൊന്നുവരെയുള്ള മണ്ഡലകാലത്തും ഭരണിക്കും, മേടപ്പത്തിനും, മിഥുനം, കർക്കിടകം എന്നീ മാസങ്ങളിലെ വിശേഷ ദിവസങ്ങളിലുമാണ് കേരളത്തിൽ കളമെഴുത്ത് നടക്കാറുള്ളത്. ധ്യാനമന്ത്രങ്ങളിലും കേശാദിപാദവർണ്ണനകളിലും പ്രതിപാദിക്കുന്ന ഇഷ്ടദേവതാ രൂപമാണ് കളമെഴുത്തിൽ വരക്കുന്നത്. അഞ്ച് തരം നിറങ്ങളുള്ള പൊടികൾ ഇതിനുപയോഗിക്കുന്നു. ഭദ്രകാളിക്കളമാണ് കേരളത്തിൽ ഏറ്റവും പ്രാധാന്യമുള്ള കളമെഴുത്ത്. ഭഗവതിക്ഷേത്രങ്ങൾ, അയ്യപ്പൻ കാവുകൾ, വേട്ടയ്ക്കൊരു മകൻ കാവ്, സർപ്പകാവ് എന്നിയ്ക്കു പുറമെ ആഢ്യഗൃഹങ്ങളിലും ആിൽ ഒന്നോ രോ തവണ കളമെഴുത്തും പാട്ടും നടത്തുന്ന പതിവു്.

# ആദ്യകാല മുസ്ലിം കല്ല്യാണം

ആദ്യകാല കല്ല്യാണങ്ങൾ ഇന്നത്തെപ്പോലെയല്ല. വളരെ ലളിതമായിരുന്നു. ഇന്ന് കാണുന്നത് പോലുള്ള പെണ്ണ്കാണൽ ചടങ്ങൊന്നും അന്നുായിരുന്നില്ല. വീട്ടിലെ മുതിർന്നവർ (കാരണവർ) പറയുന്നതനുസരിച്ചാണ് കാര്യങ്ങൾ നടത്തുക. രാത്രിയിലാണ് കല്യാണം നടക്കുക. വളരെ രസകരമായ കല്യാണമാണ് പലതും. രാത്രികാലങ്ങളിൽ നിന്നെന്ന് മാത്രമല്ല പെട്ടെന്നാണ് പുതിയാപ്പിളയെ കത്തിയാൽ അപ്പോൾ തന്നെ നിക്കാഹ് നടത്തും. ഇന്നത്തെപ്പോലെ മുൻകൂട്ടി നിശ്ചയിക്കുകയൊന്നുമില്ല. കുടുംബാംഗങ്ങൾ പോലും അറിയണമെന്നില്ല.

ഭക്ഷണരീതിയും ഇന്നത്തേത് പോലെയല്ല. അതിലും വളരെയധികം വ്യത്യാസമു്. ബിരിയാണിയും ചിക്കനും ഒന്നും അന്നത്തെ വീട്ടിൽ കാണില്ല. അവിൽ കുഴച്ചതും പഴവും തേങ്ങാച്ചോറും പരിപ്പ് കറിയുമൊക്കെയാണ് പ്രധാനഭക്ഷണം. സാമ്പത്തികമായി മുന്നോട്ട് നിൽക്കുന്നവർ തേങ്ങാച്ചോറിനും പരിപ്പ്കറിക്കും പകരം നെയ്ച്ചോറും ഇറച്ചിക്കറിയും ഉാകും. ഭക്ഷണശേഷം സിഗരറ്റ്, മുറുക്കാൻ, പേക്കടക്ക എന്നിവയും ഉാകും.

പെണ്ണിനെ കൂട്ടി ചെറുക്കന്റെ വീട്ടിൽ അന്ന് തന്നെ പോകുന്ന പരിപാടിയൊന്നും അന്നില്ല. പെണ്ണ് ര് ദിവസം കഴിഞ്ഞാൽ മാത്രമേ ചെറുക്കന്റെ വീട്ടിൽ പോവുകയുള്ളൂ. 'കാക്കാന്റെയും ബാപ്പാന്റേയും' സർക്കാരമാണ് അന്ന് നടക്കുക. ഉപ്പ, ഉമ്മ, കാക്ക (കാരണവർ), അടുത്ത ബന്ധുക്കൾ എന്നിവരാണ് ഈ സൽക്കാരത്തിൽ പങ്കെടുക്കുക.

ബേയിടൽ ചടങ്ങും പത്തെ കല്യാണത്തിന് കാണാം. കല്യാണം കഴിഞ്ഞ് മൂന്നാമത്തെയോ അഞ്ചാമത്തെയോ ഏഴാമത്തെയോ പതിനൊന്നാമത്തെയോ ദിവസമാണ് ബേയിടല് ചടങ്ങ് നടക്കുക. ചെറുക്കന്റെ കാരണവരും മറ്റ് കുടുംബാംഗങ്ങളും ഈ ചടങ്ങിൽ പങ്കെടുക്കും. ചെറുക്കന്റെ കാരണവർ പെണ്ണിന് ചെലവിന് പണം കൊടുക്കുന്നതിനാണ് ബേയിടൽ എന്ന് പറയുന്നത്.

പതിനൊന്നാമത്തെ ദിവസം 'മീൻബേയിടൽ' എന്ന ചടങ്ങും നടക്കാറു്. ആ പണം കൊടുത്തതിന് ശേഷമേ പുതിയാപ്പിളക്ക് മീൻ കൊടുക്കുകയുള്ളൂ. കല്ല്യാണം കഴിഞ്ഞ് നാൽപ്പതാമത്തെ ദിവസം 'നാപ്പീന്റെ ബേയിടൽ' എന്ന ചടങ്ങു്. അന്ന് നാൽപത് വിധം ചായക്കടികൾ പുതിയാപ്പിളക്ക് കാഴ്ച വെക്കും.

### മാപ്പിളശൈലി

ശൈലികൾ രൂപം കൊള്ളുന്നതിൽജനങ്ങളുടെ പരസ്പരസമ്പർക്കത്തിന് നിർണ്ണായക പങ്കു്. പഴയ ശൈലികളും സങ്കലന സ്വഭാവത്തോട് കൂടിയതാണ്. വിവിധ ജാതി – മതവിഭാഗങ്ങൾ അധിവസിക്കുന്ന കേരളത്തിൽ പ്രചാരമുള്ള ശൈലികൾ ഏറെയും

ഈ സ്തുത വെളിപ്പെടുത്തുന്നു. തനതായ മലയാള ശൈലിക്കു സമാനമായ ഒട്ടേറെ മാപ്പിള ശൈലികൾ ഉ്.

ഇവിടെ, ഉദ്ദേശാർത്ഥത്തിൽ സമാനമുള്ള ഏതാനും മാപ്പിളശൈലികളും മലയാള ശൈലികളുമാണ് കുറിക്കുന്നത്. ആദ്യത്തേത് മാപ്പിളശൈലിയും രാമത്തേത് മലയാള ശൈലിയുമാണ്.

# മാപ്പിളശൈലി – മലയാള ശൈലി

അലിഫ, ബ അറിയുക - അ, ഇ അറിയുക

ഖൽബ് തുറവടിയാക്കുക - അകം തുറക്കുക

ഖൽബിലൊതുക്കുക - അകത്തൊതുക്കുക

അങ്ങാടിപാത്തു - അങ്ങാടി നമ്പൂതിരി

ബാപ്പ ആനപ്പുറത്തിരുന്നാൽ മകന് തഴമ്പുാകുമോ ?

അച്ഛൻ ആനകേറിയാൽമകന് തഴമ്പുാകുമോ ?

ഉപ്പാന്റെ മോൻ തന്നെ - അച്ഛന്റെ മനകൻ തന്നെ

ബാപ്പാനെ പറേപ്പിക്കുക - അച്ഛന് പേരിദോഷമുാക്കുക.

ഇനിയും വല്ല്യ വെള്ളിയാഴ്ച
വന്നിട്ടും ബാപ്പ പള്ളിയിൽ
പോയിട്ടില്ല - അച്ഛൻ വിചാരിച്ചാലും നടപ്പില്ല.

ബാപ്പാന്റെ മുതല് പോലെ - അച്ഛന്റെ സ്വത്ത് പോയി ഖബറടക്കുക – അടക്കം ചെയ്യുക.

അടക്കവും ഒതിയാർക്കവും - അടക്കവും ഒതുക്കവും

ഹബ്സിലാക്കുക - അടക്കി കളയുക

സബൂറാക്കുക - അടങ്ങി ഒതുങ്ങി ഇരിക്കുക.

കോളടിക്കുക - അടി അടിക്ക

ഇസറൂറത്തിന്റെ കൊടികുത്തുക - അടിമണ്ണ് കാണുക

സുക്കൂത്ത് പാടിക്കുക - അടിയറ പറയിക്കുക

ഖൽബിൽ കൊള്ളിക്കുക - അകത്തടിപ്പിക്കുക

ഫക്കീർ സുൽത്താനായാലും
തെൽ മാറ്റൂല - അട്ടയെ പിടിച്ച് മെത്തയിൽ കിടത്തിയാലും അട്ട പൊട്ട കുളമന്വേഷിക്കും.

മുസല്ല വിരിച്ച് മുസലിയാരെ
കാത്തിരിക്ക - അയ്യർ വരുന്നത് വരെ അമാവാസി നിൽക്ക.

അർക്കീസ് - അരക്കൻ

ആഖിർ സമാൻ - അവസാന കാലം

| | | |
|---|---|---|
| അലീസ വെരക്കിയത് പോലെ | - | അവിയൽ പരുവം |
| ഹക്കുടവൻ | - | അവകാശി |
| ചിറാപ്പു മാറീട്ട നേരമില്ല | - | അലക്കൊഴിഞ്ഞിട്ട് നേരമില്ല. |
| താന്തിരിയാവുക | - | അലഞ്ഞ് നടക്കുക |
| അടുമ്മും മൂട്ടിലെ ബീശായം | - | അടുക്കള വർത്തമാനം |
| യത്തീമ മക്കൾ | - | അനാഥ മക്കൾ |
| യത്തിം ഖാന | - | അനാഥശാല |
| ബേജാറായി | - | അസ്വസ്ഥനായി |
| ഹലാല് | - | അനുവദനീയം |
| ഹുഖ്മ് | - | അധികാര |
| ഇസ്സത്ത് | - | അന്തസ്സ് |

# കർക്കടകപ്പെരുമ

## സുഖമേകും കർക്കടകം

ഇടപ്പാതിയും മിഥുനച്ചൂടുമൊക്കെ പിന്നീട് കർക്കടകം വന്നെത്തും. രാമായണകഥകൾ പാടാനും രാമകഥ കേൾക്കാനും കൂടിയുള്ളതാണ് ഈ മാസം. ചന്നം പിന്നം മഴ പെയ്യുന്ന കർക്കടകത്തിന് പഞ്ഞമാസം എന്നും പേരു്. രോഗങ്ങളുടെ കാലം കൂടിയാണിത്. ചുമ, പനി, വാതരോഗങ്ങൾ ഇവ കർക്കടകത്തിൽ തലപൊക്കും. ഇതിനെ ചെറുക്കാനായി പുള്ളവർ ചില മാർഗങ്ങൾ കണ്ടെത്തിയിട്ടു്. ധാന്യങ്ങളും പച്ചിലകളും ചേർത്ത ഭക്ഷണവും എണ്ണതേച്ച കുളിയും.

## കർക്കിടകത്തിലെ വറുതിമാറ്റാൻ

**വാട്ടുകപ്പ:**

മരച്ചീനി തോലുകളഞ്ഞ് ചെത്തി പുഴുങ്ങി വെയിലത്തിട്ട് ഉണക്കി സൂക്ഷിച്ചത്.

**ചക്കക്കുരു:**

ചക്കക്കുരു പുഴുങ്ങിക്കീറി ഉണക്കുന്നു.

**മാങ്ങ ഉണക്കിയത്:**

പച്ചമാങ്ങ ചെത്തി ഉപ്പുപുരട്ടി വെയിലത്തുവെച്ച് ഉണക്കിയത്.

**മാങ്ങാക്കച്ച്:**

പഴുത്ത മാങ്ങയുടെ നീര് ശേഖരിച്ച്, വൃത്തിയാക്കിയ പുതിയ പായയിൽ കട്ടിയായി തേച്ചു പിടിപ്പിക്കുന്നു. അത് വെയിലത്തുവെച്ച് ഉണക്കുന്നു. ഉണങ്ങിയവ അടർത്തിയെടുത്ത് ഭരണിയിൽ വായു കടക്കാതെ സൂക്ഷിക്കുന്നു.

**ചക്ക വരട്ടിയത്:**

പഴുത്ത വരിക്കച്ചക്ക മുറിച്ച് വെല്ലവും ചേർത്ത് വേവിയ്ക്കുന്നു. നന്നായി വെന്ത

തിനുശേഷം നെയ് ചേർത്ത് വരട്ടിയെടുക്കുന്നു.

## കർക്കിടകത്തിലെ ആചാരങ്ങൾ

**ഇല്ലംനിറ:**

കർക്കടക മാസത്തിലെ കറുത്തവാവ് കഴിഞ്ഞുള്ള ഞായറാഴ്ച നടക്കുന്ന ഒരാചാരമാണ് ഇല്ലം നിറ. സമൃദ്ധമായ വിളവിനും ഐശ്വര്യത്തിനും വേിയാണ് ഇതു നടത്തുന്നത്.

കർഷകൻ രാവിലെ മുങ്ങിക്കുളിച്ച് ഈറനണിഞ്ഞ് പാടത്തുനിന്നും ഒരുപിടി നെൽക്കതിർ അറുത്ത് തലയിൽവെച്ച് തറവാട്ടിലേക്ക് വരുന്നു. നിറനിറ പൊലി പൊലി എന്ന് ഉച്ചത്തിൽ പറഞ്ഞ് കൊാണ് വരവ്. കതിർക്കുലയെ നിലവിളക്കു കത്തിച്ച് വച്ച് എതിരേൽക്കുന്നു. പിന്നീട് മച്ചിലും ഉമ്മറത്തും തൂക്കും.

**വേടനാട്ടം:**

കർക്കടകം രാം നാൾ മുതൽ 16-ാം നാൾ വരെ നമ്മുടെ വീടുകൾ തോറും കയറി കൃഷിയഭിവൃദ്ധിക്കു വേി കെട്ടിയാടുന്ന തെയ്യമാണ് വേടനാട്ടം. ഇതിന്റെ തോറ്റവും വീടുകൾ തോറും ചെ കൊട്ടി ചൊല്ലുന്നു. മലയസമുദായത്തിലെ കുട്ടികളാണ് തെയ്യം കെട്ടുന്നത്.

**ആടിപാടൽ:**

കർക്കടകം 16-ാം നാൾ മുതൽ 27-ാം നാൾ വരെ വീടുകൾ തോറും കയറി കൃഷിയഭിവൃദ്ധിക്കുവേി കെട്ടിയാടുന്ന തെയ്യമാണ് ആടിത്തെയ്യം. ഇത് വണ്ണാൻ സമുദായത്തിലെ കുട്ടികളാണ് കെട്ടുന്നത്.

**കാടിക്കഞ്ഞി:**

കർക്കടകത്തിൽ ആരോഗ്യ പരിപാലനത്തിനായി ഉാക്കുന്ന കഞ്ഞിയാണ് കാടിക്കഞ്ഞി. ദേഹാധ്വാനമുള്ള ജോലി ചെയ്യുന്നവരാണ് ഇത് കഴിക്കുന്നത്.

ഉരലിൽക്കുത്തിയെടുത്ത അരി കഴുകിയ വെള്ളം ഒരുപാത്രത്തിൽ ഒഴിച്ച് അടച്ചുവയ്ക്കുന്നു. പിറ്റേ ദിവസവും അതുപോലെ ചെയ്യുന്നു. ഇങ്ങനെ രോ മൂന്നോ ദിവസം ശേഖരിച്ച കാടിവെള്ളം ഊറ്റിക്കളഞ്ഞ് അതിന്റെ തവിടിൽ കുറച്ച് തലേദിവസത്തെ കഞ്ഞിവെള്ളവും ചേർത്ത് അതിൽ ഉണക്കലരിയിട്ട് വേവിക്കുന്നു. ഇത് നന്നായിവെന്താൽ ഉപ്പും തേങ്ങചിരകിയതും ചേർക്കുന്നു. ഇതാണ് കാടിക്കഞ്ഞി. ഇതിന് നല്ല പുളിരസമായിരിക്കും. ഇത് ശരീരത്തിന് അത്യുത്തമമാണ്.

## പത്തെ നല്ല ശീലങ്ങൾ

പ് കാലത്ത് ശരീരശുദ്ധി ഗാർഹികശുദ്ധി ഇവയിലെല്ലാം ജനങ്ങൾ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. സൂര്യോദയത്തിലും അസ്തമയത്തിലും എന്നും കുളി പതിവായിരുന്നു.

കുളം, പുഴ എന്നിവയിലെ തണുത്ത വെള്ളത്തിലായിരുന്നു കുളി. അസുഖമുങ്കിലേ ചൂടുവെള്ളത്തിൽ കുളിക്കാറുള്ളൂ. എണ്ണതേച്ചു പിടിപ്പിച്ച് വാകപ്പൊടി, ചെറുപയറുപൊടി, ചകിരി എന്നിവ കൊ് ഉരച്ചാണ് കുളിക്കുക. സ്ത്രീകൾ മഞ്ഞൾ തേക്കും. തലയിൽ താളിയും തേക്കും.

ജീവിക്കാനാവശ്യമായ ധാന്യങ്ങളും പച്ചക്കറികളുമെല്ലാം ഓരോരുത്തരും കൃഷി ചെയ്യും. പശുക്കളെയും ആടുകളെയും കോഴികളെയും വളർത്തും.
വീട്ടിൽത്തന്നെ പുഴുങ്ങിക്കുത്തിയ അരിവേവിച്ചുാക്കുന്ന ചോറാണ് പ്രധാനഭക്ഷണം. കഞ്ഞി, ഇലക്കറി, പുഴുക്കുകൾ എന്നിവയും പ്രധാനമാണ്.
പ് ഗൃഹശുദ്ധിക്ക് പ്രത്യേകം പ്രാധാന്യം നൽകിയിരുന്നു. വീടെത്ര ചെറുതാണെങ്കിലും വലുതാണെങ്കിലും അടിച്ചു തളിക്കും അകവും പുറവും ചപ്പുചവറുകൾ കളഞ്ഞ് വൃത്തിയാക്കും. മുറ്റം അടിച്ചുവാരിയ ശേഷം ചാണകം തളിക്കും. യാത്ര കഴിഞ്ഞ് വന്നാൽ കുളി നിർബന്ധമായിരുന്നു. വീട്ടിൽ കയറും മുമ്പ് കാലും മുഖവും കഴുകുകയും ചെയ്യും.

**മഴമൊഴികൾ**

**തൊരളയും പനിയും (ജലദോഷവും പനിയും)**

മയക്കാലം തൊടങ്ങീട്ടേള്ളൂ. പിള്ളേർക്കൊക്കെ തൊരളയും പനിയും.

## കുമിലിടി:

കർക്കിടക മാസത്തിലെ ഇടിമിന്നൽ കാണുമ്പോൾ പറയുന്നതാണ് 'കുമിലിടി' എന്നത്. ഗംഭീരമായ ഇടിമിന്നൽ വേളയിലാണ് കുമിൾ (കൂൺ) മുളയ്ക്കുന്നത് എന്നതാണ് പുള്ള വിശ്വാസം.

## കർക്കിടക കൂമ്പ്

കർക്കിടകത്തിൽ തേങ്ങയ്ക്ക് വലുപ്പം വളരെ കുറവാകും. ഇതിനെയാണ് കർക്കിടകക്കൂമ്പ് എന്നു പറയുന്നത്.

## നാടൻ കറികൾ:

**വാഴക്കാമ്പ് പച്ചടി (വേവിക്കാതെ)**

വാഴക്കാമ്പ് വട്ടത്തിൽ മുറിച്ച് വളരെ ചെറുതായി അരിഞ്ഞെടുക്കുക. ഉപ്പു ചേർത്ത് നന്നായി ഞെരടി വയ്ക്കുക. അതിൽ സവാള പച്ചമുളക്, ഇഞ്ചി, കറിവേപ്പില ഇവ ചേർത്ത് ചെറുതായി ഞെരുടുക തേങ്ങ നന്നായി അരച്ചെടുത്ത് അതിൽ കടുക് ചതച്ചത് ചേർത്ത് കാമ്പിൽ ചേർക്കുക. അതിൽ ഉണക്കമുളകും കടുകും വറുത്തിടുക.

## ഇടിച്ചക്കത്തോരൻ:

ഇളം ചക്കയുടെ തൊലി കളഞ്ഞ് ചെറുകഷ്ണങ്ങളാക്കി മുറിക്കുക. അത് വെള്ള

ത്തിലിട്ട് ഉപ്പും ചേർത്ത് വേവിക്കുക. പിന്നീട് അമ്മിയിൽ വച്ച് ചതച്ചെടുക്കുക. അതിൽ മഞ്ഞൾപ്പൊടി, മുളകുപൊടി ഇവ ചേർത്ത് ഇളക്കി വയ്ക്കുക. വെളിച്ചെണ്ണയിൽ കടുക്, കറിവേപ്പില, ഉണക്ക മുളക്, ഉഴുന്നു പരിപ്പ്, ഇവ വറുക്കുക. അതിൽ ചതച്ചുവെച്ച ചക്ക ചേർത്ത് ഇളക്കുക. അതിൽ ചിരകിയ തേങ്ങയും ചേർത്ത് കുറച്ചു സമയം അടുപ്പിൽ തന്നെ വയ്ക്കുക. മൂടി വയ്ക്കണം.

**ഉപ്പിലിട്ട മാങ്ങാച്ചമ്മന്തി**

തേങ്ങ, പച്ചമുളക് ചേർത്ത് നന്നായി അരച്ചെടുക്കുക. അതിൽ ഇഞ്ചിയും ഉപ്പിലിട്ട മാങ്ങചതച്ചെടുത്ത് ചേർക്കുക. ആവശ്യത്തിനു ഉപ്പും വെള്ളവും ചേർക്കുക. അതിൽ കറിവേപ്പില, ഉണക്ക മുളക്, കടുക് ഇവ വെളിച്ചെണ്ണയിൽ വറുത്ത് ചേർക്കുക.

**അടമാങ്ങ**

പച്ചമാങ്ങ കഴുകിയ ശേഷം മൂന്ന് പിളർപ്പായി മുറിക്കുക. കുറച്ച് ഉപ്പിട്ട് പുഴുങ്ങുക. പുഴുങ്ങിയ ശേഷം അതിലെ വെള്ളം കളഞ്ഞ് ഒരു പരന്ന പാത്രത്തിൽ ഇട്ട് ഉണക്കുക. (മുറത്തിൽ ഇട്ടും ഉണക്കാം). നന്നായി ഉണങ്ങിയ ശേഷം ഒരു കുപ്പിയിൽ ഇട്ട്വെക്കാം. ആവശ്യമുള്ളപ്പോൾ കുറച്ച് എടുത്ത് അതിൽ മുളക്പൊടി, കുരുമുളക്പൊടി തുടങ്ങിയവ പുരുട്ടി ചോറിനു കൂട്ടി തിന്നാം.

**ബപ്പക്കായ് മാങ്ങ**

കണ്ണൂരിന്റെ നാടൻ മാവിനമാണ് ബപ്പക്കായ് മാങ്ങ ഒരുകാലത്ത് ഗ്രാമങ്ങളിൽ സുലഭമായ് കിരുന്ന ഈ ഇനം ഇന്ന് അപൂർവ്വമായ് കഴിഞ്ഞു. പുളിക്കുറവുള്ള ഒരിനം മാങ്ങയാണിത്. മാങ്ങാപച്ചടി ഉാക്കാൻ ഇത് വളരെ നല്ലതാണ്. സാമാന്യം വലിപ്പമുള്ള മാങ്ങയാണിത്. കാമ്പിൻ നാരിന്റെ അംശം വളരെ കുറവാണ്. നല്ല മധുരവുമുാകും. പുളി തീരെ ഉാവില്ല. മാങ്ങയ്ക്ക് കേടും പുഴുക്കുത്തി വളരെ കുറവായിരിക്കും. ഒരു മാവിൽ ധാരാളം മാങ്ങകൾ ഉാവും.

**താളും തകരയും**

ഇലകളും സസ്യവർഗങ്ങളുമായിരുന്നു കർക്കടകത്തിൽ പഴമക്കാരുടെ പ്രധാന ഭക്ഷണം.

*ചക്കേം മാങ്ങേം പത്തീസം*
*താളും തകരേം പത്തീസം*
*അങ്ങനേം ഇങ്ങനേം പത്തീസം*

എന്നിങ്ങനെ പഴഞ്ചൊല്ലിൽപോലും പഞ്ഞമാസത്തിലെ മുപ്പതു ദിവസം എങ്ങനെ കഴിച്ചുകൂട്ടണമെന്ന് പറഞ്ഞിട്ടു്. കർക്കടക മാസത്തിന്റെ തുടക്കത്തിൽ കാലാവസ്ഥ മാറുന്നതോയെ ഇലകളിൽ വിഷാംശം ഉന്നൊയിരുന്നുപുള്ളവരുടെ വിശ്വാസം. അതു

കൊ് അവർ ആദ്യ ആഴ്ചയിൽ പച്ചിലകൾ കഴിച്ചിരുന്നില്ല.

മുരിങ്ങ, മത്തൻ, ചീര, ചുരയ്ക്ക, കോവൽ, ചേമ്പ്, തഴുതാമ, മുരിക്ക്, ചേന, തകര ചേർത്തുാക്കുന്ന പത്തിലക്കറികൾ പ്രധാനം. ദഹന രോഗങ്ങൾക്ക് നല്ല ഔഷധമാണിതെന്നാണ് വിശ്വസം.

**തിരിച്ചറിയണം ചക്കയെ**

പോഷക സമ്പൂർണ്ണമായ ചക്ക ഉപയോഗിക്കാതെ നമ്മൾ 70% പാഴാക്കി കളയുകയാണ് ചെയ്യുന്നത്. വീട്ടുവളപ്പിൽ കറിവെയ്ക്കാൻ പാകത്തിലുള്ള ഇളം ചക്കകൾ ഉള്ളപ്പോൾ പോലും കടയിൽ നിന്നും പച്ചക്കറി വാങ്ങി കറിവയ്ക്കുന്നു. പ്ലാവിൽ ചക്കകൾ നിരഞ്ഞുനിൽക്കുന്ന സമൃദ്ധമായ കാഴ്ച വിഷുക്കണിക്ക് പോലും പ്രധാനമാണ്. മൂത്തുപഴുത്ത ചക്കകൾ പ്ലാവിൻ ചുവട്ടിൽ വീണടിയുകയാണ്. ഇപ്പോൾ പതിവ്. പ് ചക്കപപ്പടം ഉാക്കിയും, ചക്കവറുത്തും പഴുത്ത ചക്ക വരട്ടിയും ഒരു വർഷം വരെ വീട്ടിൽ സൂക്ഷിച്ചു വയ്ക്കുമായിരുന്നു. കാലം മാറിയതോടെ നമുക്ക് ചക്ക വോതായി. കൂട്ടുകുടുംബം മാറി അണുകുടുംബമായി മാറിയതോടെ ചക്കയെ മറന്നു. ഇത് പാവങ്ങളുടെ ഭക്ഷണമാണെന്നാണ് ചിലരുടെ വിചാരം.

പുകാലത്ത് ചക്കയുടെ സീസണിൽ ദിവസവും മിക്ക വീടുകളിലും ചക്ക കുഴച്ചതോ, ചക്കക്കറിയോ പഴുത്ത ചക്കയോ പ്രധാന ഭക്ഷണമായിരുന്നു. ചക്കക്കുരുവും നല്ല ഭക്ഷ്യവസ്തുവാണ്.

**ഈന്തിൻകായ**

വംശനാശ ഭീഷണി നേരിടുന്ന പനപോലുള്ള ഒരു വൃക്ഷമാണ് ഈന്ത്. ഇതിന്റെ സ്വർണ നിറമുള്ള കായ്കൾക്ക് നല്ല ഭംഗിയാണ്. പഴുത്ത കായ്കൾ വെട്ടിയെടുത്ത് പിളർന്ന് വെയിലത്തിട്ട് ഉണക്കുക. രു ദിവസം കഴിഞ്ഞാൽ പരിപ്പു വേർപെടും. ഉണങ്ങിയ പരിപ്പ് വെള്ളത്തിൽ കുതിർത്ത് പൊടിച്ച് മാവാക്കി ധാരാളം പലഹാരങ്ങൾ ഉാക്കാം.

**പ്രിയപ്പെട്ട മത്തീ**

ജനപ്രീയമത്സ്യമായ മത്തിയുടെ പ്രത്യേകത വിലക്കുറവുമാത്രമല്ല ഗുണക്കൂടുതൽ തന്നെ. നമ്മുടെ നാട്ടിലെ ജനങ്ങളുടെ ശരീരത്തിൽ തുടിക്കുന്ന പ്രോട്ടിന്റെ കരുത്ത് ഈ വിലകുറഞ്ഞ മത്തിയുടെതാണ്. അതിനാലാണ് ചിലർ മത്തിയെ 'കുടുംബം പോറ്റി' എന്നു വിളിക്കുന്നത്.

ഗ്ലാമർ കുറവാണെങ്കിലും ഗുണത്തിന്റെ കാര്യത്തിൽ മത്തി രാജാവു തന്നെ. ഹൃദയത്തിന്റെ രക്ഷകനായ ഒമേഗ ഫാറ്റി ആസിഡിന്റെ കലവറയാണ് മത്തി. മത്സ്യം കഴിക്കൂ എന്നല്ല മത്തി കഴിക്കൂ എന്നാണ് ഡോക്ടർമാരുടെ ഉപദേശം. പക്ഷേ പൊരിച്ചു കഴിക്കരുത്. തടി നന്നാക്കാനും കൊളസ്ട്രോൾ കുറയ്ക്കാനും മത്തി കേമൻ തന്നെ.

ചെറുമത്തി ഏറ്റവും വിശേഷമാണ്. മുള്ളടക്കം തിന്നാൻ പറ്റുന്ന ഈ മത്തി പല്ലുകളുടെയും എല്ലുകളുടെയും ആരോഗ്യത്തിന് കാരണമായ കാത്സ്യത്തിന്റെ കലവറയാണ്. പഴഞ്ചോറും മത്തിക്കറിയുമായിരുന്നു പ് കാലത്ത് നമ്മുടെ പ്രാതൽ രാത്രിയിൽ മീൻചട്ടിയിൽ ഇട്ടുവച്ച ചോറ് രാവിലെ മുളകും തൈരും ചേർത്ത് കഴിച്ച പഴയകാലത്തെക്കു

റിച്ച് പ്രായമായവർക്ക് ഏറെ പറയാനു്. എണ്ണയില്ലാതെയും മത്തി വറുത്തെടുക്കാം. മത്തിയിൽ രുചികരമായ എണ്ണയു്. ചുട്ടെടുത്ത മത്തിക്ക് പ്രിയം ഏറെയാണ്. പുകാലത്ത് തെങ്ങിന്റെ കുലച്ചലിൽ ഉപ്പും മുളകും പുരട്ടിയ മത്തി വച്ച് പൊള്ളിച്ചെടുത്ത് തിന്നുന്നത് പതിവായിരുന്നു. മത്തിമുട്ടയും ഏറെ രുചികരമാണ്.

# നാടൻ കളികൾ

**ഡപ്പോകളി (ചട്ടികളി)**

ഒരുതരം എറിഞ്ഞുകളിയാണിത്. എട്ട് ഓട്ടിൻ കഷണം മേൽക്കുമേൽ വെച്ച് കുറച്ചകലെ നിന്ന് ഒരു പന്തുകൊ് എറിഞ്ഞു വീഴ്ത്തണം. ഡപ്പോ വീണാൽ പന്തെറിഞ്ഞവരെ എതിർപക്ഷത്തുള്ളവർ പന്തെടുത്ത് എറിയും. ഇതിനിടയിൽ ഏറു കൊള്ളാതെ ഓട്ടിൻകഷണം മേൽക്കുമേൽ വെക്കണം. പൂർത്തിയായാൽ ഡപ്പോ എന്നു വിളിച്ചു പറയും.

**മറ്റു നാടൻ കളികൾ**

കൊത്തങ്കല്ല്, അരിപ്പോതിരിപ്പോ, ഈർക്കിൾ കളി, ആട്ടപ്പന്ത്, സോഡികളി, നാരങ്ങപ്പാല്, കണ്ണാരം പൊത്തി, അക്കുത്തിക്കുത്താനവരമ്പത്ത്.

**കോട്ടികളി (ഗോലികളി)**

പ്രധാനമായും ആൺകുട്ടികളുടെ കളിയാണിത്. കളിസ്ഥലത്ത് തുല്യദൂരം വിട്ട് മൂന്ന് ചെറുകുഴികൾ കുഴിച്ച് ആദ്യത്തെ കുഴിയുടെ സമീപത്തുനിന്ന് ഓരോരുത്തരായി മൂന്നാമത്തെ കുഴിയുടെ അറ്റത്തേക്ക് കോട്ടി നീട്ടിയിടും. കുഴിയുടെ സമീപം ആരുടെ കോട്ടിയാണോ വീണത് അവൻ ആദ്യം കളിക്കും. മറ്റുള്ളവരും ദൂരക്രമത്തിൽ വഴിക്കു വഴി കളിക്കണം. ആദ്യത്തെ കുഴിയിൽ നിന്ന് മൂന്നാമത്തെ കുഴിയിലും മൂന്നാമത്തെ കുഴിയിൽ നിന്ന് തിരിച്ചും വീും മൂന്നാമത്തെ കുഴിയിലേക്കും. ഇങ്ങനെ ഒൻപത് പ്രാവശ്യം കോട്ടി കുഴിയിൽ വീഴ്ത്തണം. കുഴിയിൽ കോട്ടി വീണില്ലെങ്കിൽ അടുത്തയാൾ കളി ആരംഭിക്കും. ഒരു കുട്ടി കളിക്കുമ്പോൾ അതിനടുത്തുള്ള മറ്റേ കുട്ടിയുടെ കോട്ടി അടിച്ചു തെറുപ്പിക്കാം. ആദ്യം കളി പൂർത്തിയാക്കുന്നവൻ ജയിക്കും.

**കോൽക്കളി**

പത്തോ പന്ത്രാേ ആളുകളും ഓരോരുത്തരുടെയും കൈയിൽ രോ മൂന്നോ അടി നീളമുള്ള രു കോലുകളും കാണും. പാട്ടിനും താളത്തിനും ഒപ്പിച്ച് നൃത്തം ചവിട്ടി കോലുകൾ കൂട്ടി അടിച്ചു കൊ് വട്ടത്തിൽ നടക്കുന്നു. വൃത്തപരിധി ചുരുങ്ങുകയും വികസിക്കുകയും ചെയ്യും.

**മാപ്പിളക്കോൽക്കളി**

ഉത്തര കേരളത്തിലെ മുസ്ലിം (മാപ്പിള) ങ്ങൾക്കിടയിൽ വിവാഹം, പള്ളിനേർച്ച, തുടങ്ങിയവയോടനുബന്ധിച്ചു നടക്കുന്ന കലാരൂപമാണ് മാപ്പിള കോൽക്കളി.

# പഴയകാല ചികിത്സ രീതികൾ

'പ്രാദേശിക ചരിത്രരചന' പദ്ധതിയുടെ ഭാഗമായി വാരം മാപ്പിള എൽ.പി.സ്കൂളിലെ പരിസ്ഥിതി/ നാട്ടകം ക്ലബ് വിദ്യാർത്ഥികളും അധ്യാപകരും ചേർന്ന് പ് കാലത്ത് നിലനിന്നിരുന്ന നാട്ടുവൈദ്യങ്ങളെക്കുറിച്ച് മനസിലാക്കുന്നതിന് വേി പാരമ്പര്യമായി വർഷത്തോളം വാരം പ്രദേശത്ത് നാട്ടുചികിത്സ നടത്തുന്ന എളയാവൂർ സ്വദേശിയായ രാജൻ വൈദ്യരുമായി നടത്തിയ അഭിമുഖത്തിൽ നിന്ന് ലഭിച്ച നാട്ടുചികിത്സാ രീതികളാണ് താഴെ വിവരിക്കുന്നത്.

**മുട്ടുവേദന**

ഉമ്മത്തിന്റെ കുരുകളഞ്ഞ് അതിന്റെ തോടിൽ വയമ്പ്, ഇന്തുപ്പ്, അർത്ത, ദേവതാരം, അംക്കുരം, കടുക്ക എന്നിവ അരച്ച് ഇടുക. ശേഷം ഗോമൂത്രത്തിൽ പുഴുങ്ങി എടുത്ത് മുട്ടിന് തടവുക.

**ചിക്കൻപോക്സ്**

ശടങ്ങ് കഷായം എട്ടുഗ്ലാസ് വെള്ളത്തിൽ കലർത്തി ഒരു ഗ്ലാസായി വറ്റിക്കുക. ശേഷം അരഗ്ലാസ് വീതം രാവിലെയും രാത്രിയും സേവിക്കുക. ശരീരത്തിന് തണുപ്പ് കിട്ടുന്നതിന് വേി കിടക്കുന്ന സ്ഥലത്ത് വേപ്പില ചപ്പ് വിതറുക. ചിക്കൻ പോക്സ് ഉണങ്ങുന്നതിന് തറിമരുന്ന് കഷായവും കതിരാരിഷ്ടവും നല്ലതാണ്. കണ്ണിലാണ് പോക്സ് വന്നതെങ്കിൽ പനിനീരിന്റെ പീതമണി എടുത്ത് പൊടിച്ച് കണ്ണിൽ പുരട്ടുക.

**വാതരോഗം**

മഹാരാക്ഷ്ണാതി കഷായം മൂന്ന് ഔൺസ് ചൂടാക്കി തണുപ്പിച്ച വെള്ളത്തിൽ 2 ടീ സ്പൂൺ കഷായം ചേർത്ത് കുടിക്കുക. കൂടെ അമൃത ഗുളികയും ചേർത്താൽ നല്ലത്. മുഖം തളർന്നു പോകുന്നത് ഇല്ലാതാക്കാൻ ഗദ്ദതൈലം ഉപയോഗിക്കാം.

**ഷുഗർ മരുന്ന്**

വേങ്ങം കാതൽ ഏകനായക വെള്ളത്തിലിട്ട് തിളപ്പിച്ച് കുടിക്കുക. ഷുഗറിന്റെ അളവ് കുറയും.

**പുഴുനടപ്പ് (തുമ്പചെടി)**

തുമ്പയുടെ ഇല അരച്ച് തുടർച്ചയായി ഏഴുദിവസം തേച്ച് പിടിപ്പിക്കുക. രോമം വളരും. കോവക്കയുടെ ഇലയും നല്ലതാണ്.

**ആണിരോഗം**

മൈതിത്ത്വം, പുളിനാരങ്ങ നീരിൽ ചാലിച്ചു തൊട്ടുവെക്കുക. അല്ലെങ്കിൽ എരിക്കിന്റെ പാൽ എടുത്ത് തൊട്ടുവെക്കുക.

**യൂറിക്കാസിഡ്**

പുളിനാരങ്ങ നീര്, പൊതിന ചപ്പ്, പച്ചനെല്ലിക്ക എന്നിവ ചേർത്ത് ജ്യൂസ് അടിച്ച് കുടിക്കുക.

**കീഴാർനെല്ലി**

മഞ്ഞപ്പിത്തം വന്നാൽ കീഴാർനെല്ലി പാലിൽ അരച്ച് കുടിക്കുക.

**നീലതാരകം**

വേര് മുലപ്പാലിൽ അരച്ചു പച്ചകർപ്പൂരം ചേർത്ത് നെറ്റിയിൽ പുരട്ടുക. സ്ഥിരമായി ചെന്നിക്കുത്ത് ഉള്ളവർക്ക്.

പനികൂർക്ക

ചെറിയ കുട്ടികൾക്ക് പനിയും തണുപ്പും വന്നാൽ പനികൂർക്ക കഴുകി വാറ്റിപീഞ്ഞ നീര് എടുത്ത് ര് തുള്ളി തേൻ ചേർത്ത് കുടിക്കുക.

**തുളസി**

ചുക്ക് കാപ്പിയിൽ അഞ്ച് ഇലയിട്ട് കുടിക്കുക.

**ശംഖ്പുഷ്പം**

മാറാത്ത വയറുവേദന, ഗ്യാസ് എന്നിവയ്ക്ക് പത്തുഗ്രാം ശംഖ്പുഷ്പം എടുത്ത് പശുവിന്റെ പാലിൽ അരച്ച് പുലർച്ചക്ക് വെറും വയറ്റിൽ കുടിക്കുക. വയറ്റീന് പോയ ശേഷം ഉപ്പ് വെള്ളം കുടിക്കുക. അല്ലെങ്കിൽ പുളിനാരങ്ങ വെള്ളം.

**അമരിഇല**

ഇല ചതക്കി അതിന്റെ നീര് എടുത്ത് വെളിച്ചെണ്ണയിൽ കാച്ചി തലയിൽ തേക്കുക. ഇത് മുടിവളരാനും കറുപ്പ് കിട്ടാനും സഹായിക്കുന്നു.

**കല്ലുരുക്കി**

മൂത്രത്തിലെ കല്ലിന് കല്ലുരുക്കി കഴുകി അരച്ച് കുടിക്കുക.

**ചിറ്റഅമ്റ്ത്**

ഒരു ഗ്ലാസ് വെള്ളത്തിൽ ചതച്ച് ഇട്ട ഒരു മണിക്കൂറിന് ശേഷം കുടിക്കുക. ഷുഗർ രോഗ ത്തിന് വേി.

**മൂത്രകടച്ചൽ/ മൂത്രത്തിലെ പഴുപ്പ്**

മൂത്രത്തിലെ പഴുപ്പിനും മൂത്രകടച്ചിലിനും നെരിഞ്ഞിൽ, ബാർലി അരി എന്നിവ ചേർത്ത് കഷായം വെച്ച് കുടിക്കുക.

**പനിവന്നാൽ**

അമൃതാരിഷ്ടം കുടിക്കുക. കഫകെട്ടിന് അണുതൈലം ഓരോ തുള്ളി മൂക്കിൽ ഉറ്റിക്കുക.

**ഉളുക്കിയാൽ**

മർമാണി ഗുളിക മുട്ടയുടെ വെള്ളയിൽ തഴച്ച് പുരട്ടുക.

# ഔഷധ സസ്യങ്ങൾ

**രാസ്നാദിപ്പൊടിയുടെ ചെടി**

കുളിച്ചുവരുമ്പോൾ തലയിൽ ഈർപ്പം താണ് ജലദോഷം വരാതിരിക്കാൻ നമ്മൾ രാസ്നാദിപ്പൊടി ഉച്ചിയിൽ തിരുമ്മാറില്ലേ. സവിശേഷ ഗന്ധമുള്ള രാസ്നാദിപ്പൊടി തയ്യാറാക്കുന്നത് 'ചിറ്റരത്താ' എന്ന പേരായ ചെടിയിൽ നിന്നാണ്. സർവ്വവിധ വാതരോഗങ്ങൾക്കും ആയുർവ്വേദത്തിലെ ഉത്തമ ഔഷധമാണിത്.

**ഈശ്വരമൂലി (പാമ്പിനെ തെല്ലും പേടിയില്ല)**

ഏതുവിഷത്തിനും പ്രത്യേകിച്ച് പ്രതിവിധിയായി ഒരപൂർവ്വസസ്യം അതാണ്. 'ഈശ്വരമൂലി' എന്ന ഔഷധ സസ്യം ഏതു വിഷ ജന്തുവിന്റെ കടിയും ചെറുക്കാൻ കഴിവുള്ള 'ദൈവിക ഔഷധി' എന്നും ഇതിനെ പറയാറു്.
പാമ്പിന്റെ ശത്രു ഗരുഡൻ എന്ന അർഥത്തിൽ 'ഗരുഡക്കൊടി' എന്നും ഓമനപ്പേരു്.

**തിപ്പല്ലി**

കായും തും വേരുമാണ് ഔഷധ ഗുണമുള്ള ഭാഗങ്ങൾ. ചുമ, ജലദോഷം, കഫക്കെട്ട് എന്നിവയ്ക്ക് നല്ലതാണ്. ലേഹ്യങ്ങളിലും അരിഷ്ടങ്ങളിലും കഷായങ്ങളിലും ഉപയോഗിക്കുന്നു.

**ശതാവരി**

കിഴങ്ങാണ് ഔഷധയോഗ്യം. ശരീരത്തിന് കുളിർമ നൽകുകയും മുലപ്പാലും ഔജസും വർധിപ്പിക്കുന്നു. പച്ചയിൽ കഴിക്കാൻ പറ്റുന്ന ഔഷധിയാണ്.

**കോവൽ**

വേരിലും ഇലകളിലും ഔഷധ ഗുണങ്ങളു്. ഇവകൊുള്ള ജ്യൂസ് പ്രമേഹ ത്തിനും തിമിര ചികിത്സക്കും, ഇലകൾ ത്വക്ക് രോഗങ്ങൾക്കും ഫലപ്രദമാണ്.

**ശംഖുപുഷ്പം**

വേരും പൂവുമാണ് ഔഷധ യോഗ്യം. ബുദ്ധിശക്തി, ഓർമ്മശക്തി എന്നിവ വർധി പ്പിക്കാനും പനി കുറക്കാനും ഉറക്കം ക്രമപ്പെടുത്താനും ഫലപ്രദമാണ്. ആയുർവ്വേദ ത്തിൽ മാനസിക രോഗങ്ങൾക്കുള്ള മരുന്നായി ഉപയോഗിക്കുന്നു.

**വെറ്റില**

ഡിഫ്തീരിയക്ക് വെറ്റില എണ്ണ കവിൾക്കൊള്ളുന്നു.

**കറ്റാർ വാഴ**

വാത, പിത്ത, കഫസംഹാരി, മുടി വളർച്ച രക്തശുദ്ധി എന്നിവക്ക് പുറമെ ഹോമിയോപ്പതിയിലും വ്യാപകമായി ഉപയോഗിക്കുന്നു. മുറിവെണ്ണ, മാർമ്മഗുളിക, തുടങ്ങി 15 ഓളം ഔഷധങ്ങളിൽ ഉപയോഗിക്കുന്നു.

**ദശമൂലം**

പയ്യാനി, മുഞ്ഞ, കുമിഴ്, പാതിരി കൂവളങ്ങളീയഞ്ചുമൊക്കിൽ വലുതാക്കിയ പഞ്ചമൂലം ഞെരിഞ്ഞിൽ, ക കാരി, ചു ബൃഹത്തോരില, മൂവില ഇവയഞ്ചിന്റെ വേര് ഹ്ര സ്വമാം പഞ്ചമൂലം ഇവ രും ചേർന്നാൽ ദശമൂലം.

# പ ത്തെ ചികിത്സ

ഇന്ന് വല്ലപനിയോ ജലദോഷമോ വന്നാൽ നേരെ ഡോക്ടറുടെ അടുത്തേക്കോ ടും. പ് മിക്ക രോഗങ്ങളുടെയും ചികിത്സ വീട്ടിൽ തന്നെ നടത്തിയിരുന്നു. കുടുംബ ത്തിലെ പ്രായമുള്ളവർക്ക് ചികിത്സാ വിധികൾ അധികവും അറിയാമായിരുന്നു. വൈദ്യ ന്മാർ മരുന്നുകൾ കൊടുക്കുന്നതിനുപകരം നിർദ്ദേശങ്ങൾ നൽകുന്നു. പലപ്പോഴും പ്രതി ഫലമായി ചക്ക, വാഴക്കുല, നെല്ല് മുതലായവയായിരുന്നു വൈദ്യന് പ്രതിഫലം.

കഷായം എണ്ണ തുടങ്ങിയവ വീട്ടിൽതന്നെ നിർമ്മിച്ചിരുന്നു. ചില ഗുളികകൾ വൈദ്യൻ നൽകും. കലത്തിലാണ് കഷായം ഉാക്കുന്നത്. പച്ചമരുന്നുകൾ വീട്ടുവള പ്പിൽ നിന്നും പറിച്ചെടുക്കണം. നസ്യം, ധാര, ഉഴിച്ചിൽ മുതലായവ വൈദ്യന്റെ മേൽനോ ട്ടത്തിൽ വീട്ടിൽ തന്നെ നടത്തും രോഗിയെ നേരിട്ടു കാണാതെ തന്നെ വേദനകൾ, ഭക്ഷണം ഉറക്കം, ചുമ എന്നീ രോഗ ലക്ഷണങ്ങൾ കേട്ട് മനസ്സിലാക്കി ചികിത്സ വിധിക്കും.
ഗർഭവും പ്രസവവും പ്രത്യേകം പരിഗണന നൽകേ ഒരു കാര്യമായി പ് കിരു

ന്നില്ല. മരണവും വലിയ വിഷയമായിരുന്നില്ല. മരണ സമയം, മരണ ലക്ഷണം, എന്നിങ്ങനെയുള്ള കാര്യങ്ങൾ പ്രവചിക്കുന്നവരും ഉായിരുന്നു.

വസൂരി, മലമ്പനി ഇവയായിരുന്നു പ്രധാന പകർച്ച വ്യാധികൾ. വസൂരി പിടിച്ചാൽ അപൂർവ്വമായേ രക്ഷപ്പെടാറുള്ളൂ.

# പാമ്പുകളെ തിരിച്ചറിയുന്ന വിധം

പാമ്പുകടിയേറ്റാൽ കടിച്ച പാമ്പിന്റെ പ്രത്യേകതകൾ അറിയുന്നത് ചികിത്സ എളുപ്പമാക്കാം. പാമ്പിനെ കൊല്ലാൻ കഴിയുമെങ്കിൽ അതിനെക്കൂടി എടുക്കുന്നത്. ആതുരനെ ആശുപത്രിയിൽ എത്തിക്കുമ്പോൾ കൃത്യമായ ചികിത്സാ നിർണയത്തിനു സഹായിക്കും.

മുഖത്തിന്റെ വശം നോക്കി വിഷപ്പാമ്പിനെ തിരിച്ചറിയുന്നവിധം.

മുഖത്തിന്റെ വശങ്ങളിൽ ശൽക്കങ്ങൾ ഉായിരിക്കും. മൂക്കിന്റെയറ്റം അൽപം ഉയർന്നിരിക്കും. മൂക്കിനും കണ്ണിനുമിടയിൽ ദ്വാരം കാണുക എന്നത് സുഷിര അണലി എന്ന പാമ്പിന്റെ ലക്ഷണമാണ്. ശൽക്കങ്ങൾ നോക്കി വിഷമുള്ള പാമ്പുകളാണോ അല്ലാത്തവയാണോ കടിച്ചത് എന്നറിയാനുള്ള മാർഗം.

പാമ്പിന്റെ ഉദരഭാഗത്തെ ശൽക്കങ്ങൾ മുതുകിലേയും വശങ്ങളിലേയും ശൽക്കങ്ങളുടെ തുടർച്ചയായി കാണപ്പെടുന്നുവെങ്കിൽ അത് വിഷമില്ലാത്ത പാമ്പ് ആയിരിക്കും. ഉദരത്തിൽ ചെറുതും കുറുകെയുള്ളതുമായ ശൽക്കങ്ങൾ കാണപ്പെടുന്നു. കുറുകെയുള്ള ശൽക്കങ്ങൾ ഉദരത്തിന്റെ ര് വശങ്ങളിലും എത്തത്തക്കവിധം നീളമുള്ളവയല്ല. ഇവയും വിഷമുള്ളവയായിരിക്കില്ല.

വിഷപ്പാമ്പിന്റെ ശൽക്കങ്ങളുടെ പ്രത്യേകത നോക്കാം. വാൽവരെ ഉദര ശൽക്കങ്ങൾ വശത്തോടുവശം നീളമുള്ളവയായിരിക്കും.

**തലയുടെ മുകൾഭാഗം നോക്കി പാമ്പിനെ തിരിച്ചറിയുന്നവിധം**

തലയ്ക്ക് ഏകദേശം ത്രികോണാകൃതി ആയിരിക്കും. തലയ്ക്ക് ശരീരത്തിന്റെ ബാക്കി ഭാഗങ്ങളേക്കാൾ വീതി ഉാകും. കഴുത്തുഭാഗം പ്രത്യേകം തിരിച്ചറിയാൻ കഴിയും. കഴുത്ത് ഇടുങ്ങിയതായിരിക്കക്കും. മിക്കവാറും എല്ലാ അണലികളിലും തലിയിൽ ചെറിയ ശൽക്കങ്ങൾ ഉായിരിക്കും.

ചിലയിനം വിഷപ്പാമ്പുകളുടെ തല ദീർഘവൃത്താകൃതി ആയിരിക്കും. ശരീരത്തിന്റെ ബാക്കി ഭാഗത്തെ അപേക്ഷിച്ച് തല ചെറുതായിരിക്കും. തലയും ശരീരവും ചേർന്നു ഒഴുക്കനായി കാണപ്പെടുന്നതിനാൽ കഴുത്ത് തിരിച്ചറിയാൻ പ്രയാസമാണ്. തലയിൽ വലിയ ശൽക്കങ്ങൾ ഉാകും. പത്തിയുാകും. പത്തിയിൽ കണ്ണടയുടേതു പോലുള്ള അടയാളം കാണും.

ചിലയിനം വിഷപ്പാമ്പുകളിൽ തൊട്ടുമുകളിൽ പറഞ്ഞ പ്രത്യേകതകളെല്ലാം കാണുമെങ്കിലും പത്തിയോ പത്തിയിലെ അടയാളമോ ഉാകില്ല.

**പുറം പരിശോധനയിലൂടെയും വിഷപ്പാമ്പിനെ തിരിച്ചറിയാം**

പുറം ഭാഗത്തിന്റെ നടുക്ക് ഒരു വലിയ ശൽക്കങ്ങൾ ഉങ്കെിൽ അത് വിഷപ്പാമ്പ് ആയിരിക്കും.

ഇതുകൂടാതെ വിഷപ്പാമ്പിനെ തിരിച്ചറിയാൻ മുകളിലത്തെയും താഴത്തെയും ചുറ്റുകളിലെ ശൽക്കങ്ങൾ പരിശോധിക്കുകയും ഷീൽഡുകൾ എണ്ണിനോക്കുകയും ചെയ്യാറു്.

# പഴമയിൽ പെരുമ

**ആമാടപ്പെട്ടി**

വെനീസിലെ സ്വർണനാണയത്തിന് പ് പറഞ്ഞിരുന്ന പേരാണ് 'ആമാട'. ഈ ആമാട കോർത്ത് പ് മാലകൾ ഉാക്കിയിരുന്നു. വിലകൂടിയ ഈ മാലകൾ സൂക്ഷിക്കാനുപയോഗിച്ച പെട്ടിയായിരുന്നു ആമാടപ്പെട്ടി.

**നെട്ടൂർപ്പെട്ടി**

വിലകൂടിയ സാധനങ്ങൾ സൂക്ഷിക്കാനുപയോഗിച്ചിരുന്ന മറ്റൊരു പെട്ടിയാണ് നെട്ടൂർപ്പെട്ടി.

**രത്നപ്പെട്ടി**

രത്നങ്ങൾ സൂക്ഷിക്കാനുള്ള പെട്ടിയായിരുന്നു രത്നപ്പെട്ടി.

മരുന്ന് സൂക്ഷിക്കാൻ പ്രത്യേകം തയ്യാറാക്കിയ മരുന്നുപെട്ടിയും പലവ്യഞ്ജനങ്ങൾ സൂക്ഷിക്കാൻ (മഞ്ഞൾ, മുളക് ഇവ അരച്ച്) അരപ്പാം പെട്ടിയും പ് നമ്മുടെ നാട്ടിൽ ഉപയോഗിച്ചിരുന്നു.

**പത്തായം**

പ് കാലത്ത് നെല്ല്, കുരുമുളക് തുടങ്ങിയ വിലപിടിപ്പുള്ള സാധനങ്ങൾ സൂക്ഷിക്കാൻ ഉപയോഗിച്ചിരുന്ന വലിയ പെട്ടിയാണ് പത്തായം. മരം കൊാണ് നിർമ്മിക്കുന്നത്. അതിന്റെ മുകളിൽ പായ വിരിച്ച് ആളുകൾ കിടക്കാറുായിരുന്നു.
അടുക്കളയിലെ കൂട്ടുകാരി

**തിരുവക്കല്ല്**

പ് കാലത്ത് പയർ, ഉഴുന്ന് തുടങ്ങിയവ പൊടിക്കാൻ ഉപയോഗിച്ചിരുന്ന കല്ലാണ് തിരുവക്കല്ല്. മുകളിലും താഴെയുമായി വലിയ രു കല്ലുകളാണിത്. മുകളിലത്തെ കല്ലിന്റെ നടുവിൽ ഒരു ദ്വാരം ഉായിരിക്കും. ഈ ദ്വാരത്തിലൂടെ പൊടിക്കാനുള്ള സാധനം ഇടും. എന്നിട്ട് മുകളിലത്തെ കല്ലിന്റെ പിടിയിൽ പിടിച്ച് കറക്കും. അപ്പോൾ ഇടയിലൂടെ സാധനങ്ങൾ പൊടിഞ്ഞ് പുറത്തു വരും.

# പുരാവസ്തു പ്രദർശനത്തിൽനിന്ന്













**അമ്മി, ആട്ടുകല്ല്**

പ്കാലത്ത് അരി, പല വ്യഞ്ജനങ്ങൾ, തേങ്ങ ഇവ അരയ്ക്കുന്നതിന് അമ്മി, ആട്ടുകല്ല് എന്നിവ ഉപയോഗിച്ചിരുന്നു.

**ഉരൽ, ഉലക്ക**

നെല്ല് കുത്തുന്നതിനും അരിപൊടിക്കുന്നതിനും മറ്റുമുള്ള ഉപകരണമാണ് ഉരലും ഉലക്കയും.

**നേരം കണക്കാക്കാൻ നാഴികവട്ട**

പോയകാലത്തിന്റെ ചരിത്രശേഷിപ്പുകളിലൊന്നായി മാറുകയാണ് പൗരാണിക കാല ത്തിന്റെ സമയവും ദൂരവും അളക്കാനുള്ള നാഴികവട്ട. വാച്ചും ക്ലോക്കുകളും പഴയകാലത്ത് അപൂർവ്വം ചില വീടുകളിലും സ്ഥാപനങ്ങളിലും മാത്രമേ ഉപയോഗിച്ചിരുന്നുള്ളൂ. അക്കാ ലത്ത് മറ്റുവീടുകളിൽ നാഴികവട്ട ഉപയോഗിച്ചാണ് ദൂരവും നേരവും കണക്കാക്കിയത്.

ചിരട്ടയുടെ ആകൃതിയിൽ ഓടുകൊുള്ള ഒരു ഉപകരണമാണിത്. അടിഭാഗത്ത് മധ്യത്തിൽ ചെറിയൊരു ദ്വാരമുാകും. നാഴിക വട്ടയിൽ പൂഴി നിറച്ച് ഈ ദ്വാരത്തിൽ കൂടി ഊർന്ന് വീഴാൻ ഉപയോഗിക്കപ്പെടുന്ന സമയം ഒരു നാഴികയായി കണക്കാക്കാം. പൂഴിഘടികാരം എന്ന പേരും നാഴികവട്ടയ്ക്കു്.

കൂടാതെ വെള്ളം നിറച്ച പാത്രത്തിൽ നാഴികവട്ട വെച്ച് ചെറിയദ്വാരം വഴി വെള്ളം വട്ടയിൽ നിറയുന്ന സമയവും ഒരു നാഴികയായി കണക്കാക്കിയിരുന്നു. ഇങ്ങനെ രാത്രിയും പകലും 30 നാഴിക വീതമായിരുന്നു കണക്കാക്കിയിരുന്നത്. 60 വിനാഴികയാണ് ഒരു നാഴിക. വർഷങ്ങൾക്ക് മുമ്പ് ഭൂരിഭാഗം വീടുകളിലും നാഴികവട്ട ഉപയോഗിച്ചിരുന്നതായി പഴമക്കാർ പറയുന്നു. നാഴികവട്ട കൂടാതെ വെയിലിന്റെ വ്യതിയാനങ്ങൾ നോക്കി സമയം കണക്കാക്കുന്നവരും കുറവായിരുന്നില്ല. ഇപ്പോഴും ചില വീടുകളിലെ പ്രായം ചെന്നവർ ഈ രീതിയിൽ തന്നെയാണ് നേരെ കണക്കാക്കുന്നത്. സെക്കൻഡ് സൂചിയും, മിനിറ്റ് സൂചിയുമെല്ലാം ഘടിപ്പിച്ച യന്ത്രസംവിധാനങ്ങൾ വ്യാപിക്കുന്നതിന് മുമ്പ് സമയസൂചിക യായിരുന്ന നാഴികവട്ട മൺമറയുന്ന പഴമയുടെ ഘടികാരമാണ്.

**പത്തെ സാധനങ്ങളും ഉപകരണങ്ങളും**

ഓലപ്പായ, മുറം, കോളാമ്പി, ഇരിക്കുന്ന പല, ചങ്ങാടം, ഓലക്കൊട്ട, ഓലത്തൊപ്പി, മെതി യടി, മണ്ണോട്ഉറി, പറ, പത്തായം, തലക്കൊട, ചിരട്ടക്കൈൽ, മേക്കട്ടി, ഓട്ടിന്റെ കിണ്ണം, ഓട്, കിി, മുളക്കുറ്റി, ചട്ടി, കലം, മൺകലം, കുടുക്ക, കഞ്ഞിക്കലം, ഉരുളി, ഭരണി, പാനി, ഉരൽ, കൂജ, അമ്മി, പിഞ്ഞാണം, മടഞ്ഞോല, പാള, ചിരട്ട ഇസ്തിരിപ്പെട്ടി. മണ്ണെണ്ണ വിളക്ക്, മുറം, ഉരൽ, കിി, കോളാമ്പി, ഭരണി, മെതിയടി, ഉറി, മൺകലം, പറ, പത്തായം, പാളത്തൊപ്പി, ഇരിപ്പല, ഓലപ്പായ, അമ്മിക്കല്ല്, ആമാടപ്പെട്ടി, തവി, മുളപ്പുട്ടുകുറ്റി, ചീന ച്ചട്ടി, ചൂട്ട്.

# മാഞ്ഞുപോകുന്ന ചരിത്രശേഷിപ്പുകൾ
























**പ് കാലത്തെ വാഹനങ്ങൾ**

പല്ലക്ക്

കാളവി

കുതിരവി

സൈക്കിൾ റിക്ഷ

**നാണയങ്ങൾ**

| | | |
|---|---|---|
| 1 അണ | - | 6 പൈസ |
| നാലണ | - | 25 പൈസ |
| എട്ടണ | - | 50 പൈസ |
| 12 അണ | - | 75 പൈസ |
| 16 അണ | - | 1 രൂപ |

# ഏറുമാടം

പ് വയലുകൾ തുടങ്ങിയ കൃഷിസ്ഥലങ്ങളിൽ കൃഷി സംരക്ഷിക്കുന്നതിന് താമസിക്കുന്നതിനായി നിർമ്മിച്ച ചെറിയ കുടിലുകളാണ് ഇവ. മരക്കൊമ്പുകളിലോ തൂണുകളിലോ ഉയരത്തിൽ കെട്ടിയുാക്കുന്ന വീടാണിത്. ആദിവാസികൾ ഇപ്പോളും ഏറുമാടങ്ങൾ ഉപയോഗിക്കുന്നു്. താമസിക്കാനും കൃഷിസ്ഥലങ്ങളിൽ കാവൽകിടക്കാനും പറ്റിയതാണിത്. ഈറ, മുള, കവുങ്ങിൻ കഷണങ്ങൾ ഇവകൊ് ഉാക്കുന്ന ഏറുമാടങ്ങൾ പുല്ലോ ഓലയോ മേഞ്ഞതായിരിക്കും. ഇപ്പോൾ കാടുകളിൽ സുഖവാസത്തിനുവേിയും ഇത് ഉാക്കാറു്.

# നാല്കെട്ട്

സമ്പന്നരായ നമ്പൂതിരി, നായർ കുടുംബങ്ങളാണ് നാലുകെട്ടുകൾ പണികഴിപ്പിച്ചിരുന്നത്. കേരളീയ തച്ചുശാസ്ത്രപ്രകാരം പുകാലത്ത് കൂടുതലായി നിർമ്മിച്ചിരുന്ന വീടാണ് നാലുകെട്ട്. തെക്കിനി, വടക്കിനി, കിഴക്കിനി, പടിഞ്ഞാറ്റി എന്നിങ്ങനെ നാലുകെട്ടുകളും അവയ്ക്കു നടുവിലായി ഒരു നടുമുറ്റവും ചേർന്നതാണ് നാലുകെട്ട്.

# കുടിയേറിയ വാക്കുകൾ

വീടുകളെ സൂചിപ്പിക്കാൻ ഇപ്പോൾ നമ്മുടെ നാട്ടിൽ അധികവും മറുനാടൻ വാക്കുകകളാണ് ഉപയോഗിച്ചിരുന്നത്. ഹൗസ്വാമിങ്ങ് എന്ന ഇംഗ്ലീഷ് വാക്കാണ് ഗൃഹപ്രവേശത്തെക്കാൾ ഇന്നു നാം ഉപയോഗിക്കുന്നത്. പുതിയ വീട്ടിൽ കയറി താമസിക്കുന്നതിന് പ് വീട്ടിൽ കൂടൽ, കുടിയൽ (കൂടി കൂടൽ) എന്നിങ്ങനെയാണ് പറഞ്ഞിരുന്നത്.

# മരുമക്കത്തായം

മക്കൾക്ക് അച്ഛന്റെ സ്വത്തിൽ യാതൊരവകാശവും ഇല്ലാതിരുന്ന കാലമായിരുന്നു പ്. അത് പിതാവിന്റെ സ്വത്തിൽ മക്കൾക്ക് അവകാശമില്ല. സഹോദരിയുടെ മക്കൾക്കായിരിക്കും അവകാശം. അമ്മാവന്റെ സ്വത്തിന്റെ അവകാശം മക്കൾക്ക്. ഇതിനാണ് മരുമക്കത്തായ സമ്പ്രദായം എന്നു പറഞ്ഞിരുന്നത്,

നായർ സമുദായത്തിലായിരുന്നു മരുമക്കത്തായ സമ്പ്രദായം ആദ്യം നിലവിൽ വന്നത്. പിന്നീട് നാട്ടാചാരമായി മറ്റു സമുദായങ്ങളിലേക്കും പ്രചരിച്ചു. ഇപ്പോൾ മക്കത്തായ സമ്പ്രദായമാണ് നിലവിലുള്ളത് എന്നുവെച്ചാൽ അച്ഛന്റെ സ്വത്തിന്റെ അവകാശം മക്കൾക്ക്.

# നാടൻ പദപ്രയോഗങ്ങൾ

| | | |
|---|---|---|
| എറയത്ത് | - | വരാന്ത |
| ചോളി | - | കുളിമുറി |
| അറ | - | മുറി |
| പഞ്ചാര | - | പഞ്ചസാര |
| ചൊങ്ക് | - | സൗന്ദര്യം |
| പറ | - | പറയുക |
| ബേറെ | - | വേറെ |
| പ്റ്ക്ക് | - | കൊതുക് |
| പാർക്കൽ | - | താമസിക്കൽ |
| നിക്കൽ | - | താമസിക്കൽ |
| മകിടി | - | മരത്തിന്റെ ചെരിപ്പ് |
| ബാദ്ക്കൽ | - | വാതിൽക്കൽ |
| ബെയ്ക്കൽ | - | തിന്നൽ |
| സൂക്കേട് | - | അസുഖം |
| താവൈ | - | തലമുറ |
| കൊയൽ | - | കുഴൽ |
| പുശു | - | പുഴു |
| പാതിര | - | അർദ്ധരാത്രി |
| ഞമ്മള് | - | നമ്മൾ |
| പുരുവൻ | - | ഭർത്താവ് |
| തോന | - | ധാരാളം |
| മേക്കട്ടി | - | കർട്ടൻ |

| | | |
|---|---|---|
| മുന്തിയ | - | വലിയ |
| മൂപ്പൻ | - | നേതാവ് |
| പൊന്തിക്കുക | - | ഉയർത്തുക |
| പൈക്ക്ന്ന് | - | വിശക്കുന്നു |
| ചൂട്ട | - | പന്തം |
| നെരത്ത് | - | റോഡ് |
| ചക്കര | - | ശർക്കര |
| അനക്ക് | - | എനിക്ക് |
| വെളക്ക് | - | ടോർച്ച് |
| കുറിക്കുക | - | എഴുതുക |
| ബത്താസ് | - | മധുരക്കിഴങ്ങ് |
| സുകാര്യം | - | രഹസ്യം |
| വണ്ണാൻ | - | ചിലന്തി |
| ബൈരം കൊടുക്കുക | - | കരയുക |
| ചേരി | - | ചകിരി |
| അരിയത്ത് | - | അടുത്ത് |
| ഇസ്ക്കോൾ | - | സ്കൂൾ |
| കൊര | - | ചുമ |
| വെളുമ്പത്ത് | - | അറ്റത്ത് |
| കടായി | - | ചീനച്ചട്ടി |
| തിണ്ണം | - | ഉച്ചത്തിൽ |
| ഓൻ | - | അവൻ |
| കുഞ്ചാലം | - | ഊഞ്ഞാൽ |
| ഒപ്പരം | - | ഒരുമിച്ച് |
| ആട | - | അവിടെ |
| മയ | - | മഴ |
| ഉമ്പം | - | വെള്ളം |
| മിന്നംമിന്നം | - | ആദ്യമായി |
| വയീറ്റ് | - | വൈകുന്നേരം |
| കയിൽക്കണ | - | സ്പൂൺവടി |
| തിരിയല് | - | മനസ്സിലാവല് |
| ഒയക്ക് | - | കാൽ |
| ഉരി | - | അര |
| തുപ്പുണ്ണ | - | കോളാമ്പി |

തലക്കാണി - തലയണ
ചൊല്ലൽ - പാടൽ
ക ി - പടി
പെരിയ - വഴി
ബെളിച്ചല് - മച്ചിങ്ങ
മൂരി - കാള
റാത്തല് - കിലോ
മക്ക - മക്കൾ
കൂറ - പാറ്റ
ഉറുമാൽ - ടവ്വൽ
താച്ചുക - കിടക്കുക
ഓലെ - അവരുടെ
തോർത്തൽ - തുടയ്ക്കൽ
നീറാൽ - അടുക്കള
ബീത്തുക - ഒഴിക്കുക
ബസി - പ്ലേറ്റ്
പഷ്നി - പട്ടിണി
പാരുക - ഒഴിക്കുക
മാച്ചിൽ - ചൂൽ
പ ം - സ്വർണം
പൈശ - പണം
മനാരം - വൃത്തി
എഴുത്താണി - പേന
മണി - സമയം
മട്ട് - വിധം
ത ി ് - വരമ്പ്
തണ്ണി - വെള്ളം
ചേല - സാരി
ക ര ി - സ്പൂൺ
തൊട്ടി - ബക്കറ്റ്
മങ്ങലം - കല്യാണം
കൊട - കുട
മിറ്റം - മുറ്റം
ചിറി - ച ു ്

| | | |
|---|---|---|
| കള്ളാസ് | - | കടലാസ് |
| തൊപ്പൻ | - | അധികം |
| ചെലേക്ക | - | ചിലപ്പോൾ |
| പയേത് | - | പഴയത് |
| കനം | - | ഭാരം |
| കതക് | - | വാതിൽ |
| കൊത്ത | - | ചെളി |
| പൂതി | - | ആഗ്രഹം |
| പൊയ | - | പുഴ |
| മോന്തി | - | രാത്രി |
| കൊടൽ | - | വയർ |
| കായി | - | പഴം |
| ബെര്ത്തം | - | രോഗം |
| കൂട്ടാൻ | - | കറി |
| ഇങ്ങ് | - | ഇവിടെ |
| അങ്ങ് | - | അവിടെ |
| കേറി | - | കയറി |
| ഓറ് | - | അവര് |
| ഇളി | - | ചിരി |
| കാസ | - | കോപ്പ |
| കയില് | - | സ്പൂൺ |
| കരിയാമ്പില | - | കറിവേപ്പില |
| കേങ്ങ് | - | കിഴങ്ങ് |
| പെരിയ | - | വഴി |
| കരിമ്പടം | - | കമ്പിളി |
| അറ | - | മുറി |
| ചപ്പ് | - | ഇല |
| കൊച്ച | - | കൊക്ക് |
| പീടിയ | - | കട |
| അന്നം | - | ചോറ് |
| ഒച്ച | - | ശബ്ദം |
| പാപ്പാത്തി | - | പൂമ്പാറ്റ |
| കണ്ണാംപച്ചി | - | തുമ്പി |
| പൈ | - | പശു |

| | | |
|---|---|---|
| ചേല | - | സാരി |
| കുപ്പായം | - | വസ്ത്രം |
| ചെര | - | ചിരവ |
| കൂര | - | വീട് |
| ചെറ്റപ്പുര | - | ഓലവീട് |
| ചടക്കം | - | പടക്കം |
| കൊയപ്പം | - | പ്രശ്നം |
| കലമ്പ് | - | വഴക്ക് |
| ബസി | - | പാത്രം |
| ഒറോട്ടി | - | പത്തിരി |
| കെളവൻ | - | വയസ്സൻ |
| കെളവത്തി | - | വയസ്സത്തി |
| മോളില് | - | മുകളില് |
| ബാ | - | വാ |
| പോര് | - | വരൂ |

# വിഷു

'വിഷുവം' എന്ന സംസ്കൃത പദത്തിൽ നിന്നാണ് വിഷുവിന്റെ ഉദ്ഭവം. പകലും രാത്രിയും തുല്യ ദൈർഘ്യമുള്ള ദിവസത്തെയാണ് വിഷു എന്നുപറയുന്നത്. ആിൽ രുതവണ സമദൈർഘ്യമുള്ള ദിനരാത്രങ്ങൾ ഉാകാറു്. മേടത്തിലും തുലാവത്തിലും മേടവിഷുവാണ് നമ്മൾ ആഘോഷിക്കുന്നത്.

നരകാസുരനെ വധിച്ചതിലുള്ള ആഹ്ലാദമാണ് വിഷുവായി പടക്കം പൊട്ടിച്ചും പൂത്തിരി കത്തിച്ചും ആഘോഷിക്കുന്നതെന്നാണ് ഒരു ഐതിഹ്യം.

സൂര്യനോട് കിഴക്കുദിക്കരുതെന്ന് രാവണൻ ആജ്ഞാപിച്ചതുകൊ് സൂര്യൻ ചരിഞ്ഞാണ് ഉദിച്ചിരുന്നത്. ശ്രീരാമൻ രാവണനെ വധിച്ചശേഷമാണ് സൂര്യന് കിഴക്കുദിക്കാനായത്. ഈ ദിവസത്തിന്റെ ഓർമ്മയായാണ് വിഷു ആഘോഷിക്കുന്നത് എന്നാണ് മറ്റൊരൈതിഹ്യം.

**വിഷുക്കൈനീട്ടം**

കുടുംബത്തിലെ കാരണവരാണ് വിഷുക്കൈനീട്ടം നൽകുന്നത്. കൈനീട്ടം കുടുംബത്തിലെ അംഗങ്ങൾക്കുമാത്രമല്ല ജോലിക്കാർക്കും ആശ്രിതർക്കും നൽകാറു്.

**വിഷുപ്പടക്കം**

വിഷുവിന്റെ ആചാരങ്ങളിൽ കണികാണലും കൈനീട്ടവുമെല്ലാം ഒരുപോലെയാണെങ്കിലും വടക്കൻ കേരളീയരാണ് പടക്കം പൊട്ടിച്ച് വിഷു ആഘോഷിക്കുന്നത്. തെക്കൻ കേരളീയർ ദീപാവലിക്കാണ് പടക്കം പൊട്ടിക്കുന്നത്.

സംക്രമ ദിവസം സന്ധ്യാദീപം കൊളുത്തിയതിനുശേഷവും പിറ്റേന്ന് കണികതിനു ശേഷവുമാണ് പടക്കം പൊട്ടിക്കുന്നത്.

# സസ്യങ്ങളുടെ ഔഷധഗുണം

സർപ്പഗന്ധി - തലവേദന, രക്തസമ്മർദം, തലചുറ്റൽ എന്നിവ മാറും

ചിറ്റമൃത് - ശരീരത്തിൽ കൂടുതൽ ഉാകുന്ന ചൂട് കുറയ്ക്കും. രക്തം ശുദ്ധീകരിക്കും തൊലിപ്പുറത്തുാകുന്ന രോഗങ്ങൾ, രക്തവാതം, പ്രമേഹം എന്നിവ കുറയ്ക്കും.

അശോകം - കരപ്പൻ, ചൊറി, പ്രമേഹം എന്നിവ കുറയ്ക്കും.

ആടലോടകം - ചുമ, ക്ഷയം, എന്നിവ കുറയ്ക്കും

ആനച്ചുവടി - വയറുകടി, വിഷമേൽക്കൽ, എന്നിവയ്ക്ക് ഔഷധം

ഇഞ്ചി - ദഹനം എളുപ്പത്തിലാക്കുന്നു, പനി ചെവി വേദന എന്നിവ കുറയ്ക്കുന്നു.

ഏഴിലംപാല - ചുമ, കഫം, വാതം, എന്നിവ ശമിപ്പിക്കും ചൊറി, വ്രണം, കുഷ്ടം, പനി ഇവ കുറയ്ക്കുക

കച്ചോലം - ചുമ, വായ്നാറ്റം, ശ്വാസംമുട്ടൽ, ഛർദ്ദി എന്നിവ കുറയ്ക്കും.

കയ്യോന്നി - കഫ വാത രോഗങ്ങൾ കുറയ്ക്കുന്നു. മുടി വളരാൻ സഹായിക്കുന്നു. കാഴ്ച ശക്തി വർദ്ധിപ്പിക്കുന്നു. ചികിത്സയ്ക്കും സഹായിക്കന്നു. മഞ്ഞപ്പിത്തം മലേറിയ, വയറു കടി എന്നിവയുടെ ചികിത്സയിലും ഉപയോഗിക്കുന്നു.

ബ്രഹ്മി - ബുദ്ധി ശക്തിയും ഓർമ്മശക്തിയും വർദ്ധിപ്പിക്കുന്നു. ഹൃദയത്തിന്റെ പ്രവർത്തനത്തിനു സഹായിക്കുന്നു.

നീലഅമരി - മഞ്ഞപ്പിത്തം കുറയ്ക്കുന്നു, വിഷചികിത്സയ്ക്ക് ഉപയോഗിക്കുന്നു.

നറുതീ - തൊലിപ്പുറത്തുാകുന്ന രോഗം, തേശ് വിഷം ഇവയുടെ ചികിത്സയ്ക്ക് ഉപയോഗിക്കുന്നു.

വേപ്പ് - ദഹനശക്തി വർദ്ധിപ്പിക്കുന്നു. വായിലുാകുന്ന വ്രണങ്ങൾ ഭേതപ്പെടുത്തുന്നു.

മൈലാഞ്ചി - മുടികൊഴിച്ചൽ ഉറക്കമില്ലായ്മ എന്നിവയ്ക്ക് ഉപയോഗിക്കുന്നു.കുഴിനഖം, വളം കടി എന്നിവയുടെ ചികിത്സയ്ക്കായി ഉപയോഗിക്കുന്നു.

കുടങ്ങൾ - ബുദ്ധിശക്തി വർദ്ധിപ്പിക്കാൻ സഹായിക്കുന്നു. കഫ പിത്ത രോഗങ്ങൾ, വ്രണം എന്നിവ ശമിപ്പിക്കുന്നു.

ചന്ദനം - ശരീരത്തിന് കുളിർമ്മയും ഉന്മേഷവും തണുപ്പും നൽകുന്നു.

തുളസി - ചുമ, ജലദോഷം എന്നിവ ശമിപ്പിക്കുന്നു. തേൾ, ചിലന്തി, പാമ്പ് എന്നിവയുടെ

വിഷത്തിനെതിരെ ഉപയോഗിക്കുന്നു. കഫത്തെ ഇളക്കി നീക്കം ചെയ്യാനും

ജാതി - ദഹനക്കേട്, വയറുവേദന, വയറുപെരുപ്പം, തലവേദന എന്നീ അസുഖങ്ങൾ ശമിപ്പിക്കും.

തിപ്പലി - ദഹനശക്തി കൂട്ടും, വാതം, കഫം എന്നിവ കുറയ്ക്കും

നിത്യകല്ല്യാണി - അർബുദ ചികിത്സയ്ക്ക് ഉപയോഗിക്കുന്നു. രക്തസമ്മർദ്ദം കുറയ്ക്കുന്നു. വിഷത്തെ ശമിപ്പിക്കുന്നു.

വേപ്പ് ഔഷധസസ്യങ്ങളിലെ കല്പവൃക്ഷം

വേപ്പ് ഔഷധസസ്യങ്ങളിലെ കല്പവൃക്ഷമാണ്. വേപ്പിന്റെ എല്ലാ ഭാഗങ്ങളും ഉപയോഗമുള്ളതാണ്. മരുന്ന് വളം കീടനാശിനി, സോപ്പ് എന്നിവയിലെല്ലാം വേപ്പ് ഉപയോഗദിക്കുന്നു്. വേപ്പില വെയിലത്തുവെച്ച് ഉണക്കിപൊടിച്ചു കൊടുക്കുന്നത് കന്നുകാലികളിലെ വിരശല്യം ഒഴിവാക്കാൻ സഹായിക്കുന്നു.